


# എഴുത്ത്

**_G H S S MEPPADI_**


സമർപ്പണം
കുരുന്നു മനസ്സുകളിൽ
അക്ഷര വെളിച്ചം പകർന്ന്
നമുക്കു മുൻപേ നടന്നു പോയ
വന്ദ്യ ഗുരുക്കൾക്ക്.....
പാതി വഴിയിൽ ഇതളടർന്നു വീണ
കുരുന്നു പൂവുകൾക്ക്..........

# ശിൽപ്പികൾ

സ്ററൂഡൻറ് എഡിററർ - **ഹിബ ജാസ്മിൻ**

സ്ററാഫ് എഡിററർ- -ശ്രീമതി.ഗ്ലോറിയ മെൻറസ്

-ശ്രീമതി.അജിത പി.കെ

പത്രാധിപ സമിതി

ശ്രീ.രാമകൃഷ്ണൻ എം **(S I T C)**

ശ്രീ.ദിലീപ്കുമാർ എം പി **(HST)**

**അനുരഞ്ജ് എം പി**

**അനുരാഖ് യു എം**

**നജത്തുള്ള കെ**

**ഷിഫ ഫെബിൻ**

**മിന്ന കെ**

**രവീണ രാജ് റ്റി ആർ**

**ഹാഷിം പി എ**

**അജ്മൽ ഷെമീം**

**യോശപാ ദാസ്**

**വിഷ്ണു**

**വിസ്മയ എം**

**കീർത്തന എം**

കവർ ചിത്രം-ശ്രീ.മുരളീധരൻ വി സി**(HST)**

# ദർപ്പണം

ചടുലവും അവിശ്വസനീയവുമായ മാറ്റങ്ങളിലൂടെ മുന്നോട്ട് കുതിക്കുകയാണ് കാലം.മനുഷ്യന്റെ അടങ്ങാത്ത വിജ്ഞാനദാഹത്തിലൂടെയും അന്വേഷണ ത്വരയിലൂടെയും വളർന്നു വന്ന ശാസ്ത്രവും സാങ്കേതിക വിദ്യയും ഈ മാറ്റങ്ങൾക്ക് ഊടും പാവുമേകുന്നു.അതിനൂതനങ്ങളായ സാങ്കേതിക വിദ്യയിലൂടെ നമ്മുടെ പരിമിതികളെ അതിജിവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ പൊതു വിദ്യാഭ്യാസമേഖലയിലുണ്ടായ മുന്നേറ്റവും ഏറെ ശ്രദ്ധേയമാണ്. പരമ്പരാഗതപഠനരീതികൾക്കു പകരം വിവരവിനിമയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പഠനസമ്പ്രദായത്തിലേക്കുള്ള വിപ്ലവകരമായ കുതിച്ചു ചാട്ടം വൈജ്ഞാനിക മേഖലയിൽ പുത്തൻ പ്രതീക്ഷ നൽകുന്നു.

കുട്ടികളിൽ കമ്പ്യൂട്ടർ വിജ്ഞാനം പരിപോഷിപ്പിക്കുക,വ്യത്യസ്ത മേഖലകളിലെ അഭിരുചി കണ്ടെത്തുക എന്നി ലക്ഷ്യങ്ങളോടെ വിദ്യാലയങ്ങളിൽ തുടക്കം കുറിച്ച ലിറ്റിൽകൈറ്റ്സ് ഓരോ വർഷവും വിവിധ പരിശീലന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

കുട്ടികളുടെ സർഗാത്മകമായ ശേഷികൾ പ്രോത്സാഹിപ്പിക്കുന്നതിനും എഴുത്തിന്റെയും വായനയുടേയും പുതിയ പ്രവണതകൾ തിരിച്ചറിയുന്നതിനും വേണ്ടിയാണ് ലിറ്റിൽകൈറ്റ്സ് നേതൃത്വത്തിൽ ഡിജിററൽ മാഗസിൻ തയ്യാറാക്കിയത്.

സാങ്കേതികതയുടേയും സർഗാത്മകതയുടേയും തൂവലുകൾ ചേർത്തിണക്കിയതാണ് 2019-2020 അധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ ഈ "എഴുത്ത്" .

ഇതിൽ വർത്തമാനകാലത്തിന്റെ കനൽ വഴികളും നാളെകളെക്കുറിച്ചുള്ള പ്രതീക്ഷകളുമുണ്ട് ,

വരകളും വർണങ്ങളും വാക്കുകളും ചേർന്ന് ഭാഷയുടെയും ഉച്ചനീചത്വങ്ങളുടേയും അതിർവരമ്പുകൾ അറുത്തു മാറ്റുന്നുണ്ട് .

സ്വീകരിക്കുമെന്ന പ്രതീക്ഷയോടെ

എഡിറ്റർ

# ആശംസകൾ



സാങ്കേതികവിദ്യയുടെ കുതിച്ചു ചാട്ടം നടത്തുന്ന ഈ കാലഘട്ടത്തിൽ ലോകം ഒരു വിരൽത്തുമ്പിലൂടെ അരികിലെത്തുമ്പോൾ അതിന്റെ സാധ്യതകൾ ഉൾക്കൊള്ളുന്നത് ആനന്ദപ്രദമാണ്.വരാൻ പോവുന്നത് ഡിജിറ്റൽ യുഗമാണെന്ന തിരിച്ചറിവിൽ തങ്ങളുടെ ആശയങ്ങളെയും ഭാവനകളെയും ആ വിധത്തിൽ പരുവപ്പെടുത്തിയെടുക്കുന്നതിനായി മേപ്പാടി ഗവഃഹയർസെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് നടത്തുന്ന ശ്രമം ശ്ലാഘനീയമാണ്.പ്രതിഭകൾ മാറ്റുരയ്ക്കുന്ന ഡിജിറ്റൽ മാഗസിൻ ഏറെ അഭിനന്ദനീയാർഹമാണ്. ഈ ഉദ്യമത്തിന്റെ അണിയറ ശിൽപികൾക്ക് അഭിനന്ദനത്തോടൊപ്പം എല്ലാ വിധ ആശംസകളും നേരുന്നു.

സ്നേഹത്തോടെ,
മേരി മാത്യു.
എച്ച് എം
ജി എച്ച് എസ് എസ്
മേപ്പാടി .

# MESSAGE



I am glad to know that the Little Kites of GHSS Meppadi is bringing out their Digital Magazine "EZHUTTE 2019-20"

This is a productive digital material for students. I wish 'Little Kites' a great success in all their ventures.

I also applaud the coordination and effort behind to bring out this magazine. I take this opportunity to congratulate the Little Kite mistress' Ajitha P and Gloria Mendez for this tedious yet daunting task of putting together the myriad thoughts and dreams of our students....

I wish them all success.

Mr. Ramakrishnan M
SITC
GHSS Meppadi

# ആശംസകൾ



ആധുനിക ലോകത്തിന്റെ ജീവവായുവായി
മാറിയിരിക്കുന്നു ഇന്ന് സാങ്കേതികവിദ്യ .
ലോകത്തെ കൈക്കുമ്പിളിൽ കോരിക്കാണുവാൻ,
അറിയുവാൻ..........
കഴിയുന്നത്ര ചെറുതായിരിക്കുന്നു ഈ
ഡിജിറ്റൽയുഗം.
ഇവിടെ പിറന്നു വീഴുന്ന കുഞ്ഞിനു പോലും
പ്രപഞ്ചത്തെ മനസ്സിലാക്കാൻ കഴിയും വിധം
സാങ്കേതികവിദ്യയുടെ വാതായനങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു.
ഇവിടെയാണ് ഈ സാധ്യതയെ തിരിച്ചറിഞ്ഞുകൊണ്ട് ചരിത്രത്തിലേക്ക് ഒരു
കാൽവെയ്പ്പ് എന്ന പോലെ നമ്മുടെ ലിറ്റിൽ കൈറ്റ്സ് പ്രശംസനീയമായ
പ്രവർത്തികൾ ഏറ്റെടുത്ത് ചെയ്യുന്നത്.

നമ്മുടെ മക്കളുടെ സർഗാത്മകതയെ സാങ്കേതികത്തികവിലേയ്ക്ക്
സന്നിവേശിപ്പിച്ചു കൊണ്ട് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ ആധുനിക
യുഗത്തിന്റെ പുതിയ മുഖമാണ്.
ഈ സംരംഭത്തിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

എന്ന്,
ഡി സാബു
പി ടി എ പ്രസിഡന്റ്
ജി എച്ച് എസ് എസ് മേപ്പാടി

# താളുകൾ

1.കഥകൾ
2.കവിതകൾ
3.ലേഖനങ്ങൾ
4.കളിയും കാര്യവും
5.വരയും കുറിയും
6.Litrascope ( English )
6.प्रज्ञान ( हिंदी )(संस्कृत )
7.தாய் மொழி (தமிழ்)
8 حلق[
9 اپنے الفاظ

# ഓലകളിലൂടെ


1.ചരിത്രത്തിലൂടെ.. 11
2.നല്ലവളായ കുഞ്ഞിപൂമ്പാററ 13
3.പടിയിറക്കം 14
4.പെയ്തൊഴിഞ്ഞ മഴ 16
5.അവർ ഇനിയും വരും 17
6.പ്രസംഗവും പ്രവർത്തിയും 21
7.എന്റെ കേരളം 22
8.ഓർമ്മ 23
9.എന്റെ അമ്മ 24
10.ചെന്നായയും ആട്ടിൻകുട്ടിയും 25
11ജനാധിപത്യം 26
12.തീരാ ദുഖം നൽകി ഒരു മഹാ പ്രളയം 27
13..കടങ്കഥ 28
14.കുരങ്ങന്റെനൃത്തം 29
15.മഴ വെള്ളം 30
16. കാശ്മീർ എന്ന കൊച്ചുസുന്ദരി 31
17. മൊട്ടിൽ നിന്ന് ഇതളിലേക്ക് 32
18. മനുഷ്യന്റെ ഇടപെടലും മാറുന്ന പ്രകൃതിയും34
19.ചരൽ കുരുവി 36
20. മനസ്സ് 37
21.ആഹാരം ആരോഗ്യത്തിന് 39
22.മ്യൂസിയം 40
23.ചിത്രശലഭത്തിൻ വളർച്ചാഘട്ടങ്ങൾ 41
24.മരണമടഞ്ഞ കവികൾ 42

25.My Dear Friend 43
26.Golden words 45
27.Rain 46
28.Give Respect & Take Respect 47
29.Mega Cities 48
30.Our Parents 49
31.The moon &His mother 50
32.Cloudy Day 51
33.Poetry of Rain 52
34.Rain 53
35.Nature 54
36.तूफान 57
37.वर्षा 58
38.इंसानियत 59
39. 2018 केरल बाढ़.... 60
40.அண்ணன் தங்கையின் பாசம் 61
41.என் தாய் 62
42. மலை 63
43.सुभाषितानि 64
44.نظم 65
45نَظْم 66
46 مَحَتَوَجَمْ 67
47کاغذ کی کشتی 68
48വരയും കുറിയും 74

# ചരിത്രത്തിലൂടെ

ഒരു സ്ഥാപനത്തിന്റെ ചരിത്രം പറയുമ്പോൾ അത് സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ കഥ എടുത്തു പറയാതെ വയ്യ. ഇവിടെയുണ്ടായിരുന്ന എസ്റ്റേറ്റാണ് 'ചെമ്പ്ര പീക്ക്'.ചെമ്പ്ര പീക്കിൽ ജോലി ചെയ്തിരുന്നവർ താമസിച്ചിരുന്ന സ്ഥലമായിരുന്നു മേലേപ്പാടി . മേലേപ്പാടി ശോഷിച്ച് മേപ്പാടിയായി. ഇത്തരത്തിലുള്ള ഒരു സ്ഥലത്തിൽ വിദ്യാഭ്യാസം പ്രാഥമിക തലത്തിനപ്പുറം പോകാറില്ല.



ഒരു സ്കൂൾ ഏറ്റെടുത്ത് നടത്താൻ ഇവിടെ രവി മാസ്റ്റർമാർ ഉണ്ടായിരുന്നില്ല.പിന്നെയുണ്ടായിരുന്ന മാർഗ്ഗം ദൂരെ പോയി പഠിക്കുകയായിരുന്നു. അതിനുള്ള മഹാത്യാഗമൊന്നും ആർക്കുമുണ്ടായിരുന്നില്ല.

മേപ്പാടിയുടെ ഈ ശോചനീയാവസ്ഥ കണ്ട് ചില പുരോഗമന ചിന്തകാർ മേപ്പാടിയിൽ സ്കൂൾ തുടങ്ങാൻ തിരുമാനിക്കുകയും വെൽഫയർ കമ്മിറ്റി രൂപികരിക്കുകയും ചെയ്തു. വി അബു പ്രസിഡന്റും ,ടി എം രാഘവൻ സെക്രട്ടറിയും ആയിരുന്നു.സ്കൂൾ എവിടെ പ്രവർത്തിപ്പിക്കുമെന്നായിരുന്നു അടുത്ത പ്രശ്നം . മേപ്പാടിയിൽ കോസ്മോ പോളിററൻ ക്ലബിൽ താൽക്കാലികമായി സ്കൂൾ പ്രവർത്തനമാരംഭിച്ചു. 4.6.1963 ൽ സ്കൂൾ പ്രവർത്തനമാരംഭിച്ചു . 9.3.1964 ൽ ആദ്യ വാർഷികം നടന്നു. തിക്കോടിയന്റെ "കണ്ണാടി" എന്ന നാടകമായിരുന്നു അന്നത്തെ പ്രധാന ആകർഷണം. 1964 വർഷത്തിൽ സ്കൂളിൽ 8,9 അധ്യായനം തുടങ്ങി .അധ്യാപക ക്ഷാമവും സ്ഥല പരിമിതിയും കാരണം സ്കൂൾ ഷിഫ്റ്റ് അടിസ്ഥാനമായി പ്രവർത്തിച്ചു തുടങ്ങി . 204\142 രജിസ്ട്രേഷനിൽ 4 ഏക്കർ സ്ഥലം കണ്ടെത്തുകയും ഒരു വർഷത്തിന് ശേഷം കെട്ടിടത്തിന്റെ ജോലി കഴിയുകയും ചെയതു.

1964-ൽ 65 അധ്യായന വർഷത്തിൽ ആദ്യത്തെ എസ്.എസ്.എൽ.സി പരീക്ഷ നടന്നു.



നടന്നു. 15 ആൺകുട്ടികളും 10 പെൺകുട്ടികളും എസ്.കെ.എം.ജെ ഹൈസ്ക്കൂളിൽ വെച്ച് പരീക്ഷയെഴുതി. 25 ൽ 22 പേരും പാസായി. അതിൽ 5 പേർക്ക് ഫസ്റ്റ് ക്ലാസും. 88% വിജയം സ്കൂളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിച്ചു. 1965 ൽ യു പി വിഭാഗം തുടങ്ങി.തമിഴ് നാടുമായി അതിർത്തി പങ്കിടുന്ന നാടാണ് മേപ്പാടി. അതു കൊണ്ട് തമിഴ്നാട്ടിൽ നിന്ന് ഒട്ടേറെ പേർ ജോലിക്കായും മെച്ചപ്പെട്ട ജിവിത സാഹചര്യത്തിനായും ഇവിടെ എത്തുകയും ചെയ്യുന്നു. അവരുടെ മക്കളുടെ അടിസ്ഥാന വിദ്യാഭ്യാസവും തമിഴിൽ പഠിക്കാനുള്ള അവകാശവും ചർച്ച ചെയ്യപ്പെട്ടപ്പോൾ ഈ സ്കൂളിൽ തമിഴ് മീഡിയം ആരംഭിച്ചു. 1990 ൽ 22 കുട്ടികൾ തമിഴിൽ പുതിയ അധ്യായം കുറിച്ചു. 2000 ത്തി ൽ +2 ആരംഭിച്ചു. അവിടുത്തെ ഉയർന്ന വിജയവും എൻ. സി സി യുടെ പ്രവർത്തനവും ശ്രദ്ധേയമാണ്.മേപ്പാടിയിൽ ഇപ്പോൾ നിരവധി ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തിക്കുന്നു. നിരവധി പേർ തങ്ങളുടെ മക്കളെ വലിയ ഫീസ് കൊടുത്ത് അവിടങ്ങളിൽ പഠിപ്പിക്കുന്നു.സാമ്പത്തിക ശേഷിയില്ലാത്തവരുടെ മക്കൾക്ക് മെച്ചപ്പെട്ട ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിക്കണം എന്ന ലക്ഷ്യത്തോടെ 2013-14 സ്കൂളിൽ ഇംഗ്ലീഷ് മീഡിയം തുടങ്ങി. മേപ്പാടിയുടെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന സ്കൂളിൽ ഇപ്പോൾ ഒന്നാം ഭഷയായി മലയാളം,അറബി, ഉറുദു, സംസ്കൃതം, തമിഴ് എന്നിവ തിരഞ്ഞെടുക്കാൻ കഴിയും. എസ്.പി.സി, ജെ.ആർ.സി, ലിറ്റിൽ കൈറ്റ്സ് എന്നിവയുടെ പ്രവർത്തനങ്ങളും ഇവിടെ സജീവമാണ്. ഗവ:ഹോസ്പിറ്റൽ , പഞ്ചായത്ത് ഓഫീസ് , കൃഷി ഭവൻ , പോലീസ് സ്റ്റേഷൻ, ആയുർവേദ ഹോസ്പിറ്റൽ , ഫോറസ്റ്റ് ഓഫീസ് , എൽ . പി സ്കൂൾ , എന്നി സ്ഥാപനങ്ങൾ സ്കൂളിനടുത്തായി സ്ഥിതി ചെയ്യുന്നു . അതിനാൽ ഇവിടങ്ങളിലേക്ക് വരുന്നവർക്ക് സ്കൂളുമായി നല്ല ബന്ധം പുലർത്താൻ സാധിക്കുന്നു . ഇത്രയും കാലം ഒരുപാട് തടസ്സങ്ങളും മറ്റും താണ്ടിയാണ് ജി.എച്ച്.എസ്.എസ് മേപ്പാടി ഈ നിലയിലെത്തിയത് .ഇനിയും ഇതേ നിലയിൽ തുടരും.

Anuranj.M.P,9E

# നല്ലവളായ കുഞ്ഞി പൂമ്പാറ്റ

ഒരിക്കൽ റാണി എന്നൊരു പൂമ്പാറ്റ ഉണ്ടായിരുന്നു. അവൾ ഒരു ദിവസം തേൻ തേടി നടക്കുമ്പോൾ ഒരു പൂന്തോട്ടത്തിൽ നിറയെ പൂക്കൾ കണ്ടു .അവൾ അവളുടെ കൂട്ടകാരികളെയെല്ലാം വിളിച്ചു.വയറു നിറയെ തേൻ കുടിച്ചു.അങ്ങനെ ഒരിക്കൽ റാണി പാറി നടക്കുമ്പോൾ ഒരു ചിലന്തി വലയയിൽ കുടുങ്ങി.അവൾ ഉറക്കെ നിലവിളിച്ചു. അങ്ങനെ ഒരിക്കൽ എവിടെ നിന്നോ വന്ന ഒരു പൂമ്പാറ്റ അവളെ കണ്ടു.ആ പൂമ്പാറ്റ അതിനെ രക്ഷിക്കാൻ- അണ്ണാൻ കുഞ്ഞിനെ വിളിച്ചു ച്ചു .എന്നിട്ട് ആ വല മുറിച്ചു കളഞ്ഞു.ഇത് അവൾ ചെയ്ത നന്മയുടെ ഫലമാണ്.

-ഹുസ്ന
5D

# പടിയിറക്കം

അനുരഞ്ജ് എം.പി

"ച്ചിരി കഞ്ഞി കുടിച്ചേച്ചു പോയപ്പോരച്ചാ".പടിക്കലീന്നുള്ള ശബ്ദം കേട്ട് അയാൾ തിരിഞ്ഞു നോക്കി. ഒന്നും പറയാതെ തിരിച്ചു നടന്നു.വേലി ദ്രവിച്ച് വിഴാറായിരിക്കുന്നു.അത് പതുക്കെ നീക്കി വച്ച് നിഴലിൽ കണ്ണു കോർത്ത് അയാൾ നടന്നു.

"ടാ ആടെ നിക്ക് "സാധാരണ ഈ ശബ്ദം കേട്ടാൽ അയാൾ ഒന്ന് ഞെട്ടുമായിരുന്നു.ശബ്ദം കുറച്ചു കൂടെ അടുത്തേക്ക് വന്നു .

"ടാ ഉള്പ്പല്ലാത്തോനെ, എടാ ഇൻ്ട പൈസ"ഒച്ച കുറച്ച് കൂടെ അടുത്തക്ക് എത്തി .

"എന്തെ നാക്കെറങ്ങി പ്പോയാ "

"ഇങ്ങക്കറിയൂലെ ഇൻ്റെവസ്ഥ"

"പൈസ വാങ്ങുമ്പ അനക്കറിയൂലായ്നോ ഇങ്ങനാവൂന്ന്?"

അയാൾക്ക് ഒരു മറുപടിയില്ലായിരുന്നു .

"ഒര് മാസങ്കൂടി കയ്ഞ്ഞാ..... ഇൻടെ പൈസ ക്ക് കിട്ടണം.... ഇൻ്റെ സൊബാവറിയാലോലെ".താഴോട്ട് നോക്കി അയാൾ തല കുലുക്കി.

"ഏടക്ക്യാ കാർണോരെ"കണ്ടക്ടരുടെ വിളി കേട്ടാണ് അയാൾ പുറത്തുന്ന് കണ്ണെടുത്തത്. "കോഴീക്കോട്ടേക്ക്". അമ്പതിൻ്റെ ഒരു നോട്ട് നീട്ടി കൊണ്ട് അയാൾ പറഞ്ഞു.

"ചില്ലറല്ലേ"

"ഇല്ല"

"ചില്ലറപ്പ തരേ"

ബസ് ഒരിടത്ത് നിർത്തിയപ്പോൾ മതിലിനോട് ചാരിയ ഫ്ളക്സ് അയാളുടെ കണ്ണില് പെട്ടു. അതില് കൊയ്ത്ത് നടത്തുന്ന പെണ്ണുങ്ങളുടെയും കാളയുടെയും ചിത്രം. കണ്ടക്ടർ വന്ന് ബാക്കി കൊടുത്തു. അത് മടക്കി ഒതുക്കി കീശയിലേക്ക് വെക്കവേ ഒരു രൂപയുടെ നാണയം അതിവിദഗ്ദ്ധമായി താഴേക്ക് പതിച്ചു.കീശയില് വലിയൊരു 'തുള'..

"ഇന്ന് വരാൻ പറഞ്ഞ് "

"പേര്?"

അയാൾ പേര് പറഞ്ഞു.ചെറിയ ഒരു കഷ്ണം പേപ്പർ അയാൾക്കു നേർക്ക് നീണ്ടു. അതും വാങ്ങിച്ചു കൊണ്ട് അയാൾ കസേരയിലമർന്നു.അയാളുടെ അപ്പുറത്തും ഇപ്പുറത്തും രണ്ട് കുട്ടികൾ. രണ്ട് പേരും എന്തോ സാധനം തിരിച്ചു കൊണ്ടിരിക്കയാണ്. കൗതുകത്തോടെ അയാളത് നോക്കി നിൽക്കവേ എവിടെ നിന്നോ ഒരാൾ വന്ന് രണ്ട് പേരേയും മാറ്റി പ്രതിഷ്ഠിച്ചു.അയാൾ തനിച്ചായി.

മാനേജരുടെ മുറിയിലേക്ക് കയറിയതും ഒരു കൈ കസേരയെ ചൂണ്ടിക്കാണിച്ചു.

“അപ്പൊ നിങ്ങളെ വിളിപ്പിച്ചത് ചെല കാര്യങ്ങളോർമിപ്പിക്ക്യാനാണ്.”

“ഓ"

“നിങ്ങളെന്താ ലോണ് തിരിച്ചടക്കാത്തത് , ഇപ്പോ ഡെഡ് ലൈനാണ്"

“.........................................”

“എടോ ....... ഒരാഴ്ച്ച കയ്ഞ്ഞാ ജെപ്തിയാ"

അയാളുടെ നെഞ്ചത്ത് എന്തോ തിളച്ചു മറിയുന്നതു പോലെ.

മോളുറങ്ങിയെന്ന് ഒന്നൂടെ ഉറപ്പു വരുത്തി അയാൾ അടുക്കളയിലേക്ക് കയറി.കറുത്ത കലത്തിൽ നിന്ന് ബാക്കി വന്ന കുറച്ച് വറ്റ് പാത്രത്തിലേക്കെടുത്തു.ഒച്ചയുണ്ടാക്കാതെ അകത്തേക്ക് കയറി.പാത്രം നിലത്ത് വച്ച് തലയിണക്കടിയിൽ നിന്ന് എലിവിഷം കൈയിലെടുത്തു.തുറന്ന ജനലിലൂടെ കാറ്റ് അകത്തേക്ക് പ്രവേശിച്ചു.

അകത്ത് പുന്നെല്ലിന്റെയും ചോറിന്റെയും മണം.വിഷം തിന്നാൻ വന്ന എലിയുടെ ചിത്രം.കാറ്റ് ജനലിലൂടെ പുറത്തേക്ക് തിരിച്ചു വീശി.

ജപ്തിക്ക് ബാങ്കുകാർ വന്നപ്പോൾ ആളും അയൽക്കാരും 'അരങ്ങൊഴിഞ്ഞു' പ്രത്യേകിച്ച് ഒരു പണിയുമില്ലാതെ രണ്ടെലികൾ **പടിയിറങ്ങി......**



# പെയ്തൊഴിഞ്ഞ മഴ

ഇന്നെന്നുള്ളിലെ ആനന്ദമെല്ലാം
തീക്കണലായി പൊലിഞ്ഞുപോയേ.....
കാണുന്നതും ഭീതി, കേൾക്കുന്നതും ഭീതി
ജീവിതം പാടെ ഭീതിയായി

അച്ഛനോ ഇല്ല,അമ്മയോ ഇല്ല
ഞാനിന്നിവിടെ അനാഥയാണോ
എങ്ങുപോയെന്നറിയില്ലെനിക്കിന്ന്
എന്നെ തനിച്ചാക്കി പോയതാണ്

ഇന്നവർ എന്നുടെ മുന്നിലെത്തി
വെള്ളയണിഞ്ഞ മാലാഖയായ്
അവരുടെ ചാരത്ത് പോയി നിന്നു
പോകല്ലേയെന്നു ഞാൻ ചൊന്നു പോയി

ഭ്രാന്തിയായ് ഞാനിന്നലയുകയായ്
ഓർമ്മകൾ എന്നെ അലട്ടുകയായ്
യക്ഷിയായ് പെയ്യുന്ന പേമാരിയും
ഭ്രാന്തിയായ് ഒഴുകുന്ന ജലവീചിയും

അച്ഛനും അമ്മയും കൊച്ചനുജയത്തിയും
തിരികെ വരില്ലെന്ന വാർത്ത കേട്ടു
എൻ തകരുന്ന നെഞ്ചിൽ കുറിച്ചു വച്ചു
"ഞാനിന്നിവിടെ അനാഥയാണേ......"

ദിൽഫ തസ്നീം-പി
9A

## അവർ ഇനിയും വരും......

## വരാതിരിക്കാൻ അവർക്കാവില്ല......



മരണത്തിന്റെ  ഗന്ധം ഞാനറിഞ്ഞു. സാറേ ചളിയുടെ മണമാണതിന് . എനിക്കുറക്കം വരുന്നില്ല....മരണം അടുത്തു വരുന്നതു  പോലെ.... നാലുമണിക്ക് അപ്രതീക്ഷിതമായ ഇരുട്ട്.ഇരുട്ടിൽ എന്തെല്ലാമൊ നടക്കുന്നത് പോലെ.ഞൊടിയിടയിൽ കാൽ ച്ചോട്ടിലെമണ്ണ് അടർന്നുപ്പോവുന്നതു പോലെ...കൂറ്റൻകല്ലുകളും മരങ്ങളും പറന്നു വരുന്നു.

പ്രിയപ്പെട്ടവർ ഒഴുകി കാണാമറയത്തേയ്ക്ക്....ഉറക്കം വരുന്നില്ല സാറേ, മരണം ചുറ്റിലും....ചളിയുടെ മണം.

പാതിരാത്രിയിൽ ഉറക്കം നഷ്ടമായ ചെറുപ്പക്കാരന്റെ വാക്കുകൾ തേങ്ങലായ് ഉയർന്നു.ആശ്വസിപ്പിക്കാൻ വാക്കുകൾക്കായി പരതിയ നിമിഷം.

'എന്റെ അമ്മയുടെ നേരെ ഒരു വലിയ മരം ഒഴുകിവരുന്നതു  ഞാൻ കണ്ടു.ഞങ്ങളുടെ പാടി അപ്പാടെ.... എന്റെ അമ്മയും കൂടെ....അമ്മയുടെ പുറകെ ഓടാനൊരുങ്ങിയ മകനെ മരണത്തിൽ നിന്നും ജീവിതത്തിലേയ്ക്ക് എങ്ങനെയാണ് കോരിയെടുത്തതെന്ന് ആ അമ്മൂമ്മയ്ക്ക് ഇപ്പോഴും അത്ഭുതമാണ്.
എല്ലാം പോയി, ഇനി ഒന്നുമില്ല,
ഏലം,കാപ്പി,കുരുമുളക് എല്ലാം....
പക്ഷേ അതൊന്നും  പ്രശ്നമല്ല,
എല്ലാം ഞാൻ തിരിച്ചുപിടിക്കും.



പ്രകൃതിയോട്കളിച്ചാൽ ഇങ്ങനെയാ. ഞാൻ ശരിക്കും ആസ്വദിച്ചു. മല കുത്തിയൊഴുകി വരുന്ന വരവ്, മഴവെള്ളത്തിന്റെ താണ്ഡവം,ആയുസ്സിൽ ഇനി കാണാൻ കഴിയില്ലല്ലോ... മരവും കല്ലും പറന്നു വരുന്നത് ഞാൻ ശരിക്കും ആസ്വദിച്ചു മാഷേ...

ശ്രീകുമാറിന്റെ വാക്കുകളിലെ ഭാവം ഇനിയും തിരിച്ചറിയാനായിട്ടില്ല.പക്ഷേ അയാളുടെ കണ്ണുകളിൽ അതിജീവനത്തിന്റെ തിളക്കമുണ്ടായിരുന്നു.

പഴയ സാധനങ്ങൾ പെറുക്കി വിറ്റ് ഉപജീവനം തേടിയ ഡേവിഡിന് എല്ലാം പ്രളയത്തിൽ ഒഴുകി പോയപ്പോൾ, കൈമോശം വന്നത് സ്വന്തം ജീവിതമായിരുന്നു. താടി നരച്ച്, തീർത്തും അവശനായ ആ വൃദ്ധൻ പൊട്ടിക്കരഞ്ഞപ്പോൾ മരവിച്ചു നിന്നു പോയ നിമിഷങ്ങൾ. സാന്ത്വനം വിറങ്ങലിച്ച ഒട്ടേറെ നിമിഷങ്ങൾ.......

കേട്ടറിഞ്ഞ തൊണ്ണൂറ്റി ഒൻപതിലെ പ്രളയവും കണ്ടറിഞ്ഞ പതിനെട്ടിലെ പ്രളയവും അനുഭവിച്ചറിഞ്ഞ പത്തൊൻപതിലെ പ്രളയവും നമ്മെ പഠിപ്പിക്കുന്ന അതിജീവനത്തിന്റെയും മാനവികതയുടെയും പാഠങ്ങൾ അടുത്ത തലമുറയ്ക്കു കൈമാറേണ്ട അനുഭവ സാക്ഷ്യങ്ങളാണ്. അവർക്ക് കർമപഥങ്ങളിൽ അവ ഊർജ്ജമായി മാറും.

2019, ആഗസ്റ്റ് 8 ന് പുത്തുമലയിലെ ദുരന്ത ഭൂമിയിലുണ്ടായ

കെടുതിയിൽ നിന്നും തലനാരിഴയയ്ക്ക് രക്ഷപ്പെട്ടവർ മേപ്പാടി ഗവ. ഹയർസെക്കന്ററി സ്ക്കൂളിലേക്ക് അഭയാർഥികളായി എത്തപ്പെട്ടത് ഒൻപതാം തിയ്യതി പുലർച്ചയ്ക്കായിരുന്നു.
അവരുടെ വാക്കുകൾക്ക് മറുവാക്കു നൽകുവാനോ,ആശ്വാസമേകാനോ കഴിയാതെ വിറങ്ങലിച്ച നിമിഷങ്ങൾ....

എന്താണു ജീവിതം എന്ന തിരിച്ചറിവു ലഭിച്ച നാളുകൾ, ആരും ഒന്നുമല്ല എല്ലാവരും ഒന്നാണ് എന്ന പുതിയ പാഠം പഠിച്ച നിമിഷങ്ങൾ!!

മുൻ അനുഭവങ്ങളുടെ അഭാവമാവാം ആദ്യത്തെ ഇടർച്ചയ്ക്കു കാരണം. നൂറുകണക്കിനാളുകൾ വ്യത്യസ്ത വാഹനങ്ങളിൽഓഡിറ്റോറിയത്തിലേക്ക് വന്നിറങ്ങുന്നു. നനഞ്ഞൊട്ടിയ വസ്ത്രം. കണ്ണുകളിൽ ഭീതി, വിശപ്പിന്റെ രൗദ്രഭാവം, നിസംഗതയുടെ നിഴലാട്ടം . . . . എല്ലാം കണ്ടു. പാചകപ്പുരയിൽ ഏതാണ്ട് തീരാറായ ഒരു ഗ്യാസ് സിലണ്ടറും ഏതാനും പാത്രങ്ങളും മാത്രം വിശപ്പിനുകടിഞ്ഞാണിടാൻ ഒന്നുമില്ല. പക്ഷേ ഞൊടിയിടയിൽ എല്ലാമെത്തി, സജ്ജീവമായി. പിന്നീടുള്ള ദിനങ്ങൾ. കൃത്യമായി ഭക്ഷണം, വസ്ത്രം, പ്രഥമിക സൗകര്യങ്ങൾ ആശ്വസവാക്കുകൾ, അതിജീവനത്തിന്റെ പുതിയ തന്ത്രങ്ങൾ. . . .

ഒരു പ്രളയം പോലെ മാനവിക്തയുടെ സന്ദേശവുമായി ഒരു പററം ആളുകൾ. ആരും ക്ഷണിച്ചില്ല, ആരും വിളിച്ചിട്ടില്ല, അവർ വന്നു, ഏതോ നായോഗം പോലെ.
പിന്നീടെല്ലാം അവരായിരുന്നു.
അവർക്ക് എന്തു പേരിടണമെന്നറിയില്ലായിരുന്നു, തൽക്കാലം 'മനുഷ്യർ' എന്നു വിളിക്കാം. സ്വന്തം കടകൾ അടച്ചിട്ട കൂലിത്തൊഴിൽ ഉപേക്ഷിച്ച് അവരെത്തി, മാനവികതയുടെ കാഹളമൂതി.

പയ്യന്നൂരിൽ നിന്നെത്തി ക്യാമ്പവസാനം വരെ നിന്ന അനന്ദു,ഉണ്ടായിരുന്ന ജോലി നഷ്ടമായ വിവരം എത്ര ലാഘവത്തോടെയാണ് പറഞ്ഞത്. അയാളുടെ കണ്ണിൽ നിരാശയായിരുന്നില്ല,മാനവികതയുടെ കണ്ണിയായതിന്റെ ആശ്വാസമായിരുന്നു. പന്തളത്തു നിന്നെത്തിയ കൊച്ചുമോനും, വിശാഖും കണ്ണനും ജോമോനും കഴിഞ്ഞവർഷം തങ്ങൾക്കുണ്ടായ ദുരന്തത്തിൽ കണ്ണീരൊപ്പിയ കൈലേസുകളോടുള്ള നന്ദി കൊണ്ടു മാത്രമല്ല രണ്ടാഴ്ചയിലേറെ ക്യാമ്പിലെ മുഴുവൻ സമയ വളണ്ടിയർമാരായത്. എവിടെ നിന്നോ വന്നുചേർന്ന ഇവരെയല്ലേ ദൈവമൂതർ എന്നു വിളിക്കേണ്ടത്? തിരിച്ചുപോവാൻ വണ്ടിക്കൂലിയില്ലാതെ ആരോടും പറയാതെ പടിയിറയങ്ങിയവർ . . . . . .
.

ദിലീപ് എം പി.
മലയാളം അധ്യാപകൻ





# പ്രസംഗവും പ്രവർത്തിയും

കാട്ടിൽ ഒരു പൊതുസമ്മേളനം നടന്നു .പലരും പ്രസംഗിച്ചു. പ്രസംഗികരിൽ ഒരാളായിരുന്ന മുയൽ ഇങ്ങനെ പറഞ്ഞു; അതിക്രമങ്ങളുടെ വിളനിലമാണ് ഈ കാട്.കിട്ടിയവർക്ക് കിട്ടി ഇല്ലാത്തവർക്കില്ല എന്നതാണ് അവസ്ഥ.ഇക്കണക്കിന് പോയാൽ നാം എവിടെ എത്തുമെന്ന് അറിയില്ല.എല്ലാവർക്കും ന്യായമായ വിഹിതം കിട്ടണം എന്നതാണ് എന്റെ അഭിപ്രായം.അതിനു വേണ്ടി നാം പടപൊരുതുകയും വേണം.

കൊള്ളാം.പ്രസംഗം പൊടിപൊടിപ്പനായിട്ടുണ്ട് .ഒരു സിംഹം കൈയ്യടിച്ചു പറഞ്ഞു.രോമാവൃതമായ കാലുകൾ. പക്ഷേ അതിൽ ഞങ്ങൾക്കുള്ളതുപോലെ നീണ്ട നഖങ്ങൾ ഇല്ല.വായിൽ കൂർത്ത പല്ലുകളും ഇല്ല എന്ന കുറ്റമേ പറയാനുള്ളൂ .

ഫാത്തിമ സന VC

# എന്റെ കേരളം

എന്റെ കേരളം,കൊച്ചു കേരളം
എത്ര മനോഹരമാണ് എന്റെ-
കേരളം,പച്ച പരവതാനിയാണ്
എന്റെ കേരളം,പതിനാല്-
ജില്ലകളിരിക്കുന്ന എന്റെ കേ-
രളം,നാപ്പത്തിനാല് നദികളൊ-
ഴുകുന്ന എന്റെ കേരളം,
മലകളും കുന്നുകളും
കാടുകളും നിറഞ്ഞതാണ്
എന്റെ കേരളം,പുഴക-
ളും തോടുകളും അരു-
വികളും ഒഴുകുന്നതാ-
ണ് എന്റെ കേരളം,
കേരളത്തിലെ പച്ചപ്പു-
നിറഞ്ഞ വയലോരങ്ങ-
ളും കുന്നുകളും
നിറഞ്ഞതാണെന്റെ
നാടൻ കലകൾ ചേർന്ന-
താണെന്റെ കേരളം,
ദൈവത്തിന്റെ നാടാണ്
എന്റെ കേരളം

ഷഹല ഷെറിൻ 8A

# ഓർമ്മ

ഒരു ഓർമ്മയായ് ഞാൻ മറയുമ്പോൾ
പഴയ എന്നെ നീ മറക്കരുത്
കോടിക്കണക്കിന് നക്ഷത്രങ്ങൾക്കിടയിൽ
ഞാനും മിന്നും നിനക്കു വേണ്ടി മാത്രം
ഓരോ ശ്വാസവും നിമിഷവും,
എനിക്കായി തരുമോ ഈ ജന്മം
വിരഹമായാണ് എന്റെ ജീവനും
മധുരമായ് നിന്റെ ജീവനും
നിന്റെ ഓരോ പുഞ്ചിരിയും
എന്റെ ശ്വാസമാണ് എന്നെന്നും
ആയിരം കോടി നക്ഷത്രങ്ങൾ
ക്കിടയിലുണ്ട് ഞാൻ
സ്നേഹം സത്യമാണെങ്കിൽ
കണ്ടുപിടിക്കൂ എന്നെ......

മിന്ന.കെ
9E

# എന്റെ അമ്മ

സ്വർഗ്ഗത്തിൻ പാലൊളി
പകർന്ന അമ്മ
സ്വർഗ്ഗത്തിൻ വാതിൽ
തുറന്നു അമ്മ

സ്നേഹത്തിൻ
തേൻച്ചോർ ഊട്ടും അമ്മ
സ്നേഹത്തിൻ തേൻ
വഴി കാട്ടും അമ്മ



പഠനത്തിൻ മാതൃക
എൻ തേനമ്മ
അളവില്ലാ സ്നേഹത്തിൻ
മാതൃകയാണെന്നമ്മ

Sana Fathima V C

# ചെന്നായയും ആട്ടിൻകുട്ടിയും

ഒരിടത്തൊരു താഴ്‌വരയിൽ ഒരു ആട്ടിൻപറ്റം മേയുകയായിരുന്നു. ആട്ടിടയനൊപ്പം ആട്ടിൻപറ്റത്തെ സൂക്ഷിച്ചു കൊണ്ട് കരുത്തരായ കാവൽ നായ്ക്കളും ഉണ്ടായിരുന്നു.ഇടയന്റെ ആവർത്തിച്ചുള്ള ഉപദേശത്തെ അവഗണിച്ച് ഒരു ആട് കൂട്ടത്തിൽ നിന്നും ദൂരെ മാറിപ്പോയി.അതു കണ്ട ഒരു ചെന്നായ ആടിനെ പിന്തുടർന്നു.ആട് ചെന്നായ വരുന്നതു കണ്ടു.അടുത്തുള്ള കാവൽനായ്ക്കളുടെ ശ്രദ്ധ ആകർഷിക്കുന്നതാണ് ബുദ്ധി.അവൻ മനസ്സിൽ കരുതി.അതിനായി അവനൊരു പണി ചെയ്തു.അവൻ തിരിഞ്ഞ് ചെന്നായയെ നോക്കിയിട്ട് പറഞ്ഞു"പ്രിയപ്പെട്ട ചങ്ങാതി താങ്കളെന്നെ തിന്നാൻ പോകുകയാണെന്ന് എനിക്കറിയാം.പക്ഷേ എനിക്ക് അവസാനമായി ഒരു ആഗ്രഹമുണ്ടായിരുന്നു,നല്ലവനായ അങ്ങ് അത് സാധിച്ച് തരുമോ?"ആ മുഖസ്തുതിയിൽ മയങ്ങിയ ചെന്നായ ആടിന്റെ ആഗ്രഹം എന്താണെന്ന് ചോദിച്ചു.ആട് വിനയത്തോടെ പറഞ്ഞു, "ദയവായി അങ്ങ് എനിക്ക് വേണ്ടി ഒരു പാട്ട് പാടുക.അവസാനമായി ആ പാട്ടിനൊപ്പം ഒരു നൃത്തം ചെയ്യാൻ ആഗ്രഹമുണ്ട്."ചെന്നായ അതിന് സമ്മതിച്ചു.അവൻ ഉച്ചത്തിൽ മോങ്ങാനും ആട് നൃത്തം ചെയ്യാനും തുടങ്ങി.ചെന്നായയുടെ മോങ്ങൽ കേട്ട് കാവൽനായ്ക്കൾ ഓടി വന്നു."അതാ നമ്മുടെ ആട്ടിൻകുട്ടിക്കരികിൽ ഒരു ചെന്നായ!" അവർ അതിനെ തുരത്തിയോടിച്ചു.ബുദ്ധിശാലിയായ ആട് അങ്ങനെ ചെന്നായയുടെ കയ്യിൽ നിന്ന് രക്ഷപ്പെട്ടു.

-ലുബ്ന

7-E

## ജനാധിപത്യം

ഗാന്ധിജിയോട് ഒരു കുട്ടി ചോദിച്ച
ചോദ്യം എന്താണെന്നോ........?
'ഗാന്ധിജി എന്താണ് ജനാധിപത്യം?'
അതിന് ഗാന്ധിജി നൽകിയ
മറുപടി എന്താണെന്നോ......?
നിങ്ങൾ ഒരു ഓട്ട മത്സരത്തിൽ
പങ്കെടുത്ത് വിജയിച്ചു
കഴിയുമ്പോൾ
നിങ്ങൾ ജയിച്ചു എന്നു മാത്രം
കരുതാതെ ഓടി തോൽക്കാൻ കൂടെ ചിലർ
ഉണ്ടായിരുന്നു എന്ന കാര്യം മറക്കരുത്.



മുഹമ്മദ് ബാസിത്ത് 8C

# തീരാ ദുഖം നൽകി ഒരു മഹാ പ്രളയം



കേരളം നേരിട്ട് അനുഭവിച്ച ഒരു മഹാദുരന്തമാണ് പ്രളയം.ഒരുപാട് ദുരന്തങ്ങൾ നാം നേരിട്ട് അനുഭവിച്ചു.പക്ഷേ ആദ്യമായാണ് ഇതുപ്പോലുള്ള മഹാ പ്രളയം... സങ്കടങ്ങളിലേയ്ക്കും നഷ്ടങ്ങളിലേയ്ക്കും നമ്മെ എത്തിച്ചത്.ഓരോരുത്തരും ജീവനു തുല്യം സ്നേഹിച്ചവർ, സ്വന്തം മാതാപിതാക്കൾ തുടങ്ങി ഒരായുസ്സിൻെറ എല്ലാം നഷ്ടപ്പെട്ടു.സങ്കടങ്ങളുടേയും തീരാ വേദനകളുടേയും നാളുകളിലൂടെയായിരുന്നു നാം കടന്നു പോയത്.. .ഒരു നിമിഷ നേരം കൊണ്ട് മഹാ ദുരന്തമായി എത്തുന്ന പ്രളയം അവസാനം ഒരു ലോകത്തെ തന്നെ ഇല്ലാതാക്കുന്നു. കേരള ജനതകൾ നേരിട്ട രണ്ടു ദുരന്തങ്ങളിലും ഒത്തിരി പേർ മരിക്കുകയും ഒത്തിരി പേർ ആശ്രയ മില്ലാതാവുകയും ചെയ്തു . ഓരോരുത്തരെയും സങ്കടങ്ങളിലും അതു പോലെ നഷ്ടങ്ങളിലേക്കും തള്ളിവിട്ടു .ആ മഹാദുരന്തമായ പ്രളയം അവസാനം ഓരോ ജീവനും ഒട്ടും വിലയില്ലാതാക്കി മാററുകയാണ്.ആ മഹാ പ്രളയം തീരാ ദുഃഖമായി ഇപ്പോഴും എപ്പോഴും നമ്മുടെ ഓർമ്മകളിൽ അവശേഷിക്കുന്നു.

Midlaja

10B

# കടങ്കഥ

1.അകം എല്ലും തോലും പുറം പൊന്തം പൊന്തം.
ഉ.വൈക്കോൽത്തുറ.
2.അകത്തുരോമം പുറത്തിറച്ചി.
ഉ.മൂക്ക്.
3.അകത്തുതിരിയിട്ടു പുറത്തുമുട്ടയിട്ടു.
ഉ.കുരുമുളക്.
4.അകമില്ലാ പുറമില്ലാ ഞെട്ടില്ലാ വട്ടയില.
ഉ.പപ്പടം.
5.അങ്ങേവീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേവീട്ടിൽ മുറ്റമടി.
ഉ.മുളയുടെ തലപ്പ്.
6.അങ്ങേലെ മുത്തീം മുക്കിലിരിക്കും ഇങ്ങേലെ മുത്തീം മുക്കിലിരിക്കും.
ഉ.ചൂല്.
7.അച്ഛൻ മുള്ളൻ അമ്മ മിനു മിനു മോൾ മണി മണി.
ഉ.ചക്ക.
8.അക്കര ഇക്കര നിൽക്കും തുഞ്ചാണി കൂട്ടി മുട്ടും തുഞ്ചാണി.
ഉ.കൺപോള.
9.അച്ഛൻ തന്ന ചോറുരുള തിന്നിട്ട് തീരുന്നില്ല.
ഉ.ചുണ്ണാമ്പ്.
10.അടിയില്ലാത്ത ഭരണി.
ഉ.കിണർ.
11.അടുക്കളയിലെ അമ്മായിയമ്മ.
ഉ.പൂച്ച.
12.അടി പാറ നടു വടി തല കാട്.
ഉ.ചേന.
13.അടിക്ക് വെട്ട് നടുക്ക് കെട്ട് തലക്ക് ചവിട്ട്.
ഉ.നെല്ല്.

-ഫാത്തിമ സന
VC

# കുരങ്ങന്റെനൃത്തം

അന്ന് കാട്ടിൽ വമ്പിച്ച സഭയായിരുന്നു. മൃഗങ്ങളും പക്ഷികളുമെല്ലാം അവിടെ കൂടിയിട്ടുണ്ട്.സദ്യ കഴിഞ്ഞു.എല്ലവരും ചെറിയ സംഘങ്ങളായി നിന്ന് ഓരോ വർത്തമാനം പറഞ്ഞിരിക്കുകയാണ്. അപ്പോൾ മൃഗരാജാവായ സിംഹം കുയിലിനോട് ഒരു പാട്ടു പാടാൻ പറഞ്ഞു. പാട്ടു കഴിഞ്ഞപ്പോൾ സദസ്സിൽനിന്ന് ആരോ ചോദിച്ചു "എന്തുകൊണ്ട് ഒരു ഡാൻസുകൂടാ ? മുന്നോട്ടു വന്നു കഴിവു പ്രകടിപ്പിക്കട്ടെ". സിംഹം ആജ്ഞാപിച്ചു. അൽപ നേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം കുരങ്ങൻ മുന്നോട്ടു വന്നു ഡാൻസ് തുടങ്ങി. അതൊരു രസികൻ ഡാൻസായിരുന്നു. കൈകാലുകളുടെ ചലനങ്ങൾക്കൊത്തു മുഖത്തും കണ്ണിലും ഭാവങ്ങൾ തെളിഞ്ഞു. സദസ്സുമുഴുവൻ പൊട്ടിച്ചിരിയിൽ ലയിച്ചു. എന്തിന് ? രാജാവായ സിംഹം പോലും സ്വന്തം നിലമറന്നു ചിരി സഹിക്കാതെ നിലത്തു വീണ് ഉരുളുകയുണ്ടായി. പക്ഷേ ഒട്ടകത്തിന് ഒട്ടും ഇഷ്ടമായില്ല.

അവൻ പറഞ്ഞു.
"ഇതിൽ ഇത്ര രസിക്കാൻ എന്താണുള്ളതെന്ന് എനിക്കു മനസ്സിലാകുന്നില്ല. വളരെ മോശമായ ഒരു ഡാൻസാണ് നിങ്ങൾ കണ്ടത്"."എന്നാൽ ശരി. ഇനി തന്റെ ഡാൻസ് ഒന്നു കാണിക്കൂ,നോക്കട്ടെ". കുറുക്കൻ ആവശ്യപ്പെട്ടു. നീണ്ടു മെലിഞ്ഞ കാലുകളിൽ വീടിന്റെ മേൽക്കൂര പോലെ വീർത്ത വയറും പുകക്കുഴൽ പോലുള്ള കഴുത്തുമായി നിന്നു തിരയുന്ന ഒട്ടകത്തിനെ കണ്ട് ആന അലറി, സിംഹം ചീറി, കുറുക്കന് കൂകി! എല്ലാവരും കൂടി ഒട്ടകത്തിനെ അവിടെ നിന്നും ഓടിച്ചു.

അസൂയ മുഴുത്തവർ സ്വന്തം കുറവുകളെ പറ്റി അറിയുന്നില്ല.

സനാ ഫാത്തിമ.കെ
5-c

# മഴ വെള്ളം

ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് ചില അടിസ്ഥാന വസ്തുക്കൾ ആവശ്യമാണ്.അതിൽ ഒന്നാണ് മഴ.
കേരളത്തിൽ മഴയുടെ സമൃദ്ധിയിൽ  പുഞ്ചിരിക്കുന്ന നാട് എന്ന് വിശേഷിപ്പിച്ചാൽ അധികമാവില്ല.യഥാകാലം നമുക്ക് ലഭിക്കുന്ന  മഴ കേരളത്തിൽ ഇരുവസന്ത കാലത്തെ സൃഷ്ടിക്കുന്നുവെന്നാണ് സത്യം.
പറമ്പുകളിൽ സസ്യജാലങ്ങൾ വളർത്തുക,
കല്ലുകൊണ്ടോ മണ്ണുകൊണ്ടോ കയ്യാലകൾ തീർക്കുക,
തടയണകൾ നിർമ്മിക്കുക,തുടങ്ങിയവയെല്ലാം  ജലസംരക്ഷണത്തിന് സഹായിക്കുന്നു.
മഴവെള്ളം ശുദ്ധമായ കുടിവെള്ളമാണ്.
ജലസംരക്ഷണ വകുപ്പിന്റെ മുദ്രാവാക്യം ഇതാണ്.

മഴയില്ലെങ്കിൽ പുഴയില്ല
പുഴയില്ലെങ്കിൽ പുഴിയില്ല
മഴ മനുഷ്യന് കൃപാവരം
മഴ പ്രകൃതിയുടെ സുകൃതം

Raveena Raj 9A

# കാശ്മീർ

# എന്ന കൊച്ചുസുന്ദരി

വളരെ കാലത്തെ ആഗ്രഹമായിരുന്നു,കാശ്മീർ ഒന്നു കാണാൻ.ഒടുവിൽ അതു നടന്നു. ഇന്ത്യ സന്ദർശിക്കുന്ന വിദേശസഞ്ചാരികൾ അധികരും കാശ്മീർ ലിസ്റ്റ് തിരഞ്ഞെടുക്കാറില്ല.അഥവാ തേടിപ്പിടിച്ച് എത്തുന്ന യാത്രികരെ നിരാശ രാക്കാതെ മടക്കിയയ്ക്കാനുള്ള വകയൊക്കെ ഈ കുഞ്ഞുനഗരം ഒരുക്കിവച്ചിട്ടുണ്ട് എന്നത് അനുഭവസക്ഷ്യം.

ഇന്ത്യൻ സംസ്കാരത്തിന്റെ പഴമയുടെ പ്രൗഢമായ മുഖമാണ് ജമ്മുകശ്മിരിനുള്ളത്. ഇവിടുത്തെ മഞ്ഞുമൂടിയ മലനിരകൾക്കിടയിലൂടെ ഇടുങ്ങിയ വഴികളിലൂടെ നടക്കുമ്പോൾ ഇതു വരെ ഇല്ലാത്ത ഒരുഅനുഭവം....നമ്മൾ അറിയാതെ തന്നെ പ്രകൃതിയിലേയ്ക്ക് ലയിക്കുന്നു. ചിലപ്പോൾ മഞ്ഞിലേയ്ക്ക് കാല് കുഴിഞ്ഞ് പോകും.തണുപ്പ് എന്നും പറഞ്ഞാൽ ഇവിടേക്ക് വന്നാൽ മതി. ഞാനും എന്റെ ഫ്രണ്ട്സും മഞ്ഞിൽ ഉരുണ്ടു കളിക്കുകയായിരുന്നു.

ഒരുപാട് പരിവർത്തനങ്ങളിലൂടെ നമ്മൾ ഇന്നു കാണുന്ന ഈ സുന്ദരി രൂപപ്പെട്ടുവന്നതിന്റെ ചരിത്രം കണ്ടും കേട്ടും അനുഭവിച്ചും അറിയണമെങ്കിൽ ഇവിടെ വന്നാൽ മതിയാകും.ഇന്ത്യയെ വൈദേശിക ആക്രമണങ്ങളിൽ നിന്നും തടയുന്നത് കാശ്മീരാണ്.അതിനുള്ള പണി ഇവിടെ ഒരുക്കിയിട്ടുണ്ട്. ഈ കാണുന്ന മലനിരകൾ കടന്ന് അത്ര വേഗത്തിൽ വിദേശികൾക്ക് ഇന്ത്യയെ ആക്രമിക്കാൻ കഴിയില്ല.

എത്രയോ ഉയരത്തിൽ തല ഉയർത്തി നിൽക്കുന്ന ഒരു മഞ്ഞുമല. അതിൽനിന്നും മഞ്ഞ് വീഴാൻ തുടങ്ങുമ്പോൾ ചെറിയ ഉരുളയും താഴെ എത്തികഴിഞ്ഞാൽ അത് വലുതുമായിരിക്കും. ഇവിടെയുള്ള മരങ്ങളും മലനിരകളും ആകർഷങ്ങളിൽ ചിലതു മാത്രം.

നടന്നുള്ള ഈ പ്രദേശം ചുറ്റലിന് തയ്യാറല്ലെങ്കിൽ നിങ്ങൾ വിഷമിക്കേണ്ട....അതിനുമുണ്ട് ഒരു പോംവഴി,ഒരു കുപ്പി വൈനോ,ബിയറോ,ചൂടുകാപ്പിയോ വാങ്ങി ഇവിടുത്തെ ചെറിയ മലയുടെ മുകളിൽ കയറി ഈ സുന്ദരിയുടെ സൗന്ദര്യത്തിലേയ്ക്ക് കണ്ണോടിക്കാം.

--------രാഹുൽ രമേഷ് 10B

## മൊട്ടിൽ നിന്ന് ഇതളിലേക്ക്

എന്തിനായിരുന്നു ഈ പുതിയ
പ്രഭാതത്തിലേക്കൊരു മാറ്റം . . . . ?
ചിണുങ്ങിക്കരഞ്ഞ് സ്വന്തമാക്കിയ
നാരങ്ങ മിഠായിയിൽ നിന്നും
അമ്മയുടെ ചൂട് പറ്റിക്കിടന്നിടത്ത് നിന്നും
ബാല്യത്തിന്റെ സുഖങ്ങളിൽ നിന്നും
എന്തിനായിരുന്നു . . . . ?
എപ്പോഴായിരുന്നു
ഞാൻ മാറിയത് . . . . ?
കൗമാരത്തിലേക്ക് ഞാൻ ഓടിയെത്തിയതല്ല,
എന്നെ കൊണ്ടെത്തിച്ചതായിരുന്നു
. . . . എന്റെ കുഞ്ഞു ശരീരം
പതിയെ മാറുകയായിരുന്നു . . .
ശരീരം സ്വയം പക്വത നേടിയതുപോലും
ഞാനറിയാൻ വൈകുന്നുണ്ടായിരുന്നു.

എന്റെ മനസ്സ് മറ്റാരോ ആയി
മാറിയിരുന്നു-എന്റെ ദേഷ്യം എനിക്ക്
നിയന്ത്രിക്കാനാവുന്നതിലും——
മധുരമായിരുന്നില്ലേ . . . . ?

സങ്കടം എന്റെ പീലികൾക്ക് ഒതുക്കി വെക്കാൻ
എന്റെ മനസ്സിന്
ത്രാണിയുണ്ടായിരുന്നില്ലേ . . . . ?
നിരവധി ചോദ്യങ്ങളായിരുന്നോ,
അതോ ഉത്തരങ്ങളായിരുന്നോ
എന്റെ മനസ്സിനെ പിടിച്ച് കുലുക്കിയത്
. . . . . . ?
എന്ത്കൊണ്ടോ ഒരുപാട് ചോദ്യങ്ങൾ
നിറഞ്ഞ എന്റെ കൗമാരത്തെയും
ഞാൻ സ്നേഹിച്ച്
ആശ്രയിച്ച് ജീവിച്ച എന്റെ ബാല്യ രീതിയെ
പഴയ ആണെങ്കിലും എന്റെ കൗമാരം തുടച്ചു
നീക്കുന്നുണ്ടായിരുന്നു .

എന്തിനോടും എനിക്ക്
ദേഷ്യമായിരുന്നോ.....? അതോ,
എല്ലാത്തിനോടും ഞാൻ പ്രതികരിക്കു
കയായിരുന്നോ? അറിയില്ല .
കൗമാരം എന്റെ ബാല്യത്തെക്കാൾ
സുന്ദരമായിരുന്നോ എന്ന് ചോദിച്ചാൽ
പറയാൻ
എനിക്ക് ഉത്തരമില്ല .

എങ്കിലും ഓമനിക്കുന്നുണ്ട്.

പിൻകാലത്ത് ഈ കൗമാരവും ബാല്യത്തെ

പോലെ എന്റെ ഓർമകളിലെ വസന്തത്തിലെ

വിരിഞ്ഞു നിൽക്കും

വാകയായിരിക്കും.........

'ബാല്യം എന്റെ ജീവിതത്തിലെ

മൊട്ടായിരുന്നെങ്കിൽ

കൗമാരം എന്റെ പൂവിന്റെ

വിരിയുന്ന ഘട്ടമാണ്'

widlaja C 106

## മനുഷ്യൻെറ ഇടപെടലുകളും മാറുന്ന പ്രകൃതിയും തിരിച്ച് പോകാം

"ഹാ...! എത്ര സുന്ദരമീ പ്രകൃതി". ശാലീന

സുന്ദരിയാണ് നമ്മുടെ പ്രകൃതി. വയലാറും കുമാരനാശനും ചങ്ങമ്പുഴയുമൊക്കെ ആ മനോഹാരിത

നുകർന്നെടുത്തിട്ടും ഇന്നും വറ്റാതെ കുളമായി അവളുടെ മഞ്ജുളത ഇന്നും അവശേഷിപ്പു.

പച്ചപ്പരവതാനിയും, നീലാകാശവും കളിച്ചൊഴുകുന്ന പുഴകളും, ചിണങ്ങി പിണങ്ങി ഓടുന്ന അരുവികളും കൊണ്ട് അവൾ സമ്പന്നമാണ്....

"പച്ചിലചാർത്തിൻ പഴുതിങ്കലൂടലതാ

കാണു പശ്ചിമാമ്പരത്തിലെ പനിനീർപ്പൂവിനെ.."

എന്നീ വരികളിൽ തുടങ്ങുന്ന "സൗന്ദര്യലഹരി"എന്ന ഈ കവിതയേക്കാൾ മനോഹരമായി

പ്രകൃതിയെ ഞാനെന്ത് വിശേഷിപ്പിക്കാൻ.....!

പക്ഷെ,എവിടെയോ, എപ്പോഴൊ പ്രകൃതിയുടെ ചിരി മാഞ്ഞ് പോയില്ലേ...?

എവിടെയോ വെച്ച് അവളുടെ കണ്ണുകൾ നിറഞ്ഞ് ഒഴുകുകയായിരുന്നില്ലേ..?

എന്താണവൾക്ക് പറ്റിയത്...? എന്തിനാണവൾ കരഞ്ഞത്..?ആരാണവളെ കരയിപ്പിച്ചത്...?

ഒരുപക്ഷെ..ഇന്നീചോദ്യങ്ങൾക്കൊണ്ടെല്ലാം ഉത്തരമറിയുന്നവരാണ് നമ്മൾ."

മലകൾ നിരത്തി,കുന്നുകൾ ഇടിച്ചു താഴ്ത്തി,പുഴകൾ മണ്ണിട്ടു മൂടി എന്നിട്ടും മനുഷ്യൻെറ അത്യാഗ്രഹങ്ങൾക്ക് ഒരു അറുതിയും വരുന്നില്ല. ആകാശം മുട്ടുന്ന ഫ്ലാറ്റുകൾ പണിയാൻ മനുഷ്യൻ ദിവസം തോറും ഭൂമിയെ കൊന്നുതിന്നുന്നു. മലകൾ ഭൂമിയുടെ ആണിക്കല്ലുകളാണ്. അത് നികത്തിയാൽ പിന്നെ ഭൂമിയുടെ താളം തന്നെ തെറ്റും. ഭൂമിയുടെ ഉറപ്പ് നഷ്ടപ്പെടും. ഇന്ന് ഭൂഗർഭ ജലത്തിൻെറ അളവ് നന്നേ കുറവാണ്. അതിനു പ്രധാന കാരണം കുഴൽ കിണറുകൾ ആണ്. നാം കിണർ കുത്തിയിട്ട് വെള്ളം കണ്ടില്ലെങ്കിൽ മറ്റൊന്ന് കുത്താൻ ശ്രമിക്കാതെ അതിലും ക്രൂരമായി കുഴൽ കിണറുകൾ കുത്തിയിറക്കി ഭൂമിയെ വേദനിപ്പിച്ച് ഒന്നുമറിയാത്തവനെ പോലെ ഭൂമിദേവിയുടെ അനുഗ്രഹത്തിൽ അഹന്തയോടെ നടക്കുന്നു.

പുഴയിൽ നിന്നും മണൽ കോരിയാൽ എന്തൊക്കെ പ്രശ്നങ്ങളാണ് അഭിമുഖീകരിക്കേണ്ടി വരുക! എന്നിട്ടും, എല്ലാമറിഞ്ഞിട്ടും നാം ഭൂമിയെ നിത്യവും ഉപദ്രവിക്കുന്നു. ഭൂമിക്ക് നമ്മെ ഉപദ്രവിക്കണമെന്ന് യാതൊരു ചിന്തയുമില്ല. പക്ഷെ നമ്മുടെ ചെയ്തികൾ, അത് ഭൂമിയെ വല്ലാതെ വിഷണ്ണയാക്കുന്നു. ഇങ്ങനെയുള്ള പല കാരണങ്ങൾ കൊണ്ടും ചിരിക്കാൻ മാത്രം അറിയാവുന്ന ഭൂമി ഉഗ്രരൂപിണിയായി മാറുന്നു. മനുഷ്യനാണ് വീട് വേണം, സ്ഥലം വേണം, കുടുംബം വേണം എന്നാലും അതിനെന്തിനാണ് വെറുതെ പാവം ഭൂമിദേവിയെ ഉപദ്രവിക്കുന്നത് ? വീട് എന്നുപറയുന്നത് അന്തസ് കാണിക്കാനുള്ളതല്ല, സ്വസ്ഥമായി ഒന്ന് അന്തിയുറങ്ങാനും വീട്ടുകാരുമൊത്ത് സല്ലപിക്കാനുമുള്ളതാണ്.

നമ്മൾ പ്രകൃതിയോട് ദിനം പ്രതിചെയ്തുകൊണ്ടിരിക്കുന്ന ക്രൂരതകൾ വളരെ വലുതാണ്. മരങ്ങളില്ലെങ്കിൽ പിന്നെ മനുഷ്യന് ശ്വസിക്കാനുള്ള ഓക്സിജൻ എവിടുന്നാണ് കിട്ടുക? കാർബൺ ഡൈഓക്സൈഡ് വലിച്ചെടുത്ത് ഓക്സിജൻ പുറന്തള്ളുന്ന പ്രകൃതിയിലെ വിസ്മയമായ ഈ പ്രക്രിയ നിലച്ചു പോയാൽ പിന്നെ പ്രകൃതിയിൽ ഒരൊറ്റ ജീവൻ പോലും അവശേഷിക്കുകയില്ല. മരങ്ങൾ ജലത്തെ

തടഞ്ഞു നിർത്തുന്നു. ഈ മരങ്ങൾ ഇല്ലെങ്കിൽ പിന്നെ വെള്ളം ലഭിക്കാതെ നാം എങ്ങോട്ട് പോകും. നാം ചെയുന്ന ഓരോ പ്രവർത്തിയും ഭൂമിയെ നശിപ്പിക്കുന്നു. അതിനു പകരമായി നമുക്ക് തിരിച്ചടികൾ ലഭിക്കുന്നുണ്ട്. പക്ഷെ ഒന്നുമറിയാത്ത പാവം മൃഗങ്ങളും മറ്റു ജീവജാലങ്ങളും എന്തു ചെയ്യും എന്നു നാം ആരെങ്കിലും ആലോചിച്ചിട്ടുണ്ടോ? ഇല്ല. ഒരിക്കലും ഒരു മനുഷ്യനും അത് ആലോചിക്കുകയില്ല. നമ്മുടെ ഓരോ പ്രവർത്തികളും ദിനം പ്രതി ഭൂമിയെ കൊല്ലുന്നു. അതുകൊണ്ടു തന്നെ ഭൂമിയും തിരിച്ചടിക്കുന്നു.ഒരു ഓർമ്മപ്പെടുത്തലിനു വേണ്ടി മാത്രം".

അങ്ങനെ തന്ന തിരിച്ചടികളാണ് കഴിഞ്ഞ രണ്ട് പ്രളയ പരമ്പരകൾ. എന്താണ് സംഭവിച്ചതെന്നറിയാതെ കുറേ ജീവനുകൾ നിമിഷ നേരം കൊണ്ട് പൊലിഞ്ഞു പോയി. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടുപോയതിൻെറ വേദന എല്ലാവരുടെയും മനസ്സിൽ ഇന്നും നിലനിൽക്കുന്നു. ഇതേ വേദന തന്നെയാണ് ഭൂമിക്കും അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നത്. നാം ചെയ്യുന്ന ഓരോ പ്രവർത്തിക്കും ഭൂമി തിരിച്ചടിക്കാൻ തുടങ്ങിയാൽ പിന്നെ ഈ ലോകത്ത് ഒന്നും തന്നെ അവശേഷിക്കുകയില്ല. അത്രയും ക്രൂരതയാണ് ഇന്ന് ഭൂമിയോട് കാണിക്കുന്നത്.

പണ്ടും മഴ ഇതുപോലെ തന്നെ പെയ്തതാ. ഒന്നും രണ്ടും ദിവസമല്ല, ആറ് മാസം വരെ നീളുന്ന പെരുമഴ. അന്നൊന്നും ഭൂമിക്ക് ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല. എന്നാൽ ഇന്നോ രണ്ട് ദിവസം അടുപ്പിച്ച് മഴ പെയ്താൽ മതി ഭൂമിമുഴുവൻ വെള്ളത്തിലാകും. ആ പഴയ പച്ചപ്പ് ഭൂമിക്ക് തിരിച്ച് കൊടുത്താൽ മതി. പിന്നെ ഭൂമിയും പഴയത് പോലെ തന്നെയാകും. പക്ഷെ അതിന് മനുഷ്യൻ തന്നെ സന്നദ്ധനാവണം. അതുകൊണ്ട് പരമാവധി മരങ്ങൾ നട്ടുപിടിപ്പിക്കാനും ഭൂമിയെ ഉപദ്രവിക്കാതിരിക്കാനും ശ്രമിക്കാം.ഫാക്ടറികളില്വം കാറുകളില്വം നിന്നുള്ള മലിനീകരണം പരിസ്ഥിതിയെ ദോഷകരമായി ബാധിക്കും. ഈ വായു ശ്വസിക്കുന്നത് ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുന്നു.

നമ്മുടെ പരിസ്ഥിതിയെ പരിരക്ഷിക്കില്ലെങ്കിൽ അത് തുടർന്നും കൂടുതൽ വഷളാവുകയും നാം അതിന്റെ അനന്തരഫലങ്ങൾ അനുഭവിക്കും.

Shifa Febin
9A





# ചരൽ കുരുവി

ആയിരത്തിലേറെ കിലോമീറ്റർ സഞ്ചരിച്ച് കേരളത്തിൽ എത്തുന്നു ദേശാടന പക്ഷിയാണ് ചരൽ കുരുവി. സെപ്റ്റംബർ മുതൽ മാർച്ച് വരെ ഇതിനെ കേരളത്തിൽ കാണാം. പാകിസ്ഥാനിലും ഹിമാലയത്തിന്റെ സമീപ പ്രദേശ ങ്ങളിലുമാണ് പ്രജനനം നടത്തുന്നത്. നേപ്പാൾ ഭൂട്ടാൻ തുടങ്ങിയ ഇന്ത്യയുടെ അയൽരാജ്യങ്ങളിലും ഇതിനെ കാണാറുണ്ട് .

ഇന്ത്യാ ഉപഭൂഗണ്ഡത്തിൽത്തന്നെ ഇതിന്റെ 4 ഉപവംശങ്ങൾ ഉണ്ട്. പ്രാണികളും പുഴുക്കളുമാണ് പ്രധാന ആഹാരം. ആൺപക്ഷിയുടെ പുറവും തലയും മുഖവും ഇരുണ്ടിട്ടാണ് . തൊണ്ടയ്ക്ക് വെളുപ്പും നെഞ്ചിൽ മങ്ങിയ ഓറഞ്ച് നിറവും കാണാം.നാലോ അഞ്ചോ മുട്ടയിടും. മുട്ടയ്ക്ക് നീലയും ചാരവും കലർന്ന നിറമാണ്.മുട്ടയുടെ പുറത്ത് ധാരാളം ചുവന്ന പൊട്ടുകൾ കാണാം.



----.....----

Hiba Jasmin
9A

# മനസ്സ്

മനസ്സെന്തിന് തന്നു
മനമുരുകി ഞാൻകാല-
ത്തോട് ചോദിച്ചു ?
ജീവിതത്തിൽ അനുഭവങ്ങൾ
പലതുണ്ടെന്ന് മനസ്സാണ്
എന്നെ പഠിപ്പിച്ചത്.
അങ്ങനെയാണ് പ്രണയം
ഉന്മാദവും,നൊമ്പരവുമായി
എന്നിൽ പെയ്തിറങ്ങിയത്
അങ്ങനെയാണ് ദുഃഖം
അകംപൊള്ളുന്ന താപമായി
മാറിയതും,കുട്ടിക്കാലം
ഓർമ്മകളിൽ പോയ്
അനുഭൂതിയുടെ കൂടൊരുക്കിയതും
ജൂണിലെ മഴയെന്നിൽ
ഇല്ലായ്മയുടെ സമൃദ്ധി നിറച്ച
പ്പോൾ,ഓണം ഞങ്ങൾക്ക്
മണ്ണിന്റെ സുഗന്ധങ്ങളേ

വാരി പുണരാനുള്ള

ആണ്ടറുതിയായി...!

ഉഗ്രതാപത്തെ കണിക്കൊന്നയുടെ

പുഞ്ചിരിയാക്കുന്ന വിഷുവും

ഞങ്ങൾക്ക് ജീവദുഃഖം

ഊതികാട്ടുന്ന പൊൻവെട്ടം....!

എല്ലാം മനസ്സല്ലോ!

സുഖത്തേ അറുത്ത്...

പ്രണയം ലഹരിയായ് ദുഃഖത്തിന്റെ

നെരിപ്പോടിലിട്ട് ഉരുക്കി....

സങ്കടക്കടൽ നീന്തികടന്ന

വരുടെ ചോദ്യോത്തരങ്ങളാൽ

തറഞ്ഞ് ഖിന്നനായ്-

കാലവും അലഞ്ഞു മനസ്സെന്ന

മഹാപ്രഹേളികയ്ക്ക്

ഉത്തരം തേടി.........?

സുരേഷ്

മലയാളം അദ്ധ്യാപകൻ

# ആഹാരം ആരോഗ്യത്തിന്



ഒരു കാലത്ത് നമ്മുടെ നാട്ടിൻ പുറങ്ങളിൽ സുലഭമായിരുന്ന കാച്ചിലും ചേമ്പും ചീരയും പോലെയുള്ള ഭക്ഷ്യവിഭവങ്ങൾ ഉപയോഗിച്ചിരുന്ന മലയാളികൾ ഇന്ന് ആഗോളവൽ ക്കരണത്തിന്റെ ചൂക്ഷണങ്ങൾക്കടിമപ്പെട്ട് പുതിയൊരു ഭക്ഷണ സംസ്കാരത്തിലേക്ക് ചുവടുവച്ചു കൊണ്ടിരിക്കുകയാണ്. ആരോഗ്യരംഗത്ത് കേരളം മാതകാപരമായ മുന്നേററം നടത്തുന്നുണ്ടെങ്കിലും മാറിയ ഭക്ഷണശീലം ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് മലയാളികൾ വേണ്ടത്ര ബോധവാൻമാരല്ല എന്നതാണ് വാസ്തവം.

ഭക്ഷ്യവിഭവങ്ങളിലുണ്ടായ മാറ്റവു പാചകരീതിയിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളും പുതിയ ഭക്ഷണ സംസ്കാരത്തിന്റെ പ്രധാനഘടനകങ്ങളാണ്.

തിരക്കുപിടിച്ച ജീവിതത്തിനിടയിൽ പലപ്പോഴും പരമ്പരാഗത ഭക്ഷ്യവിഭവങ്ങളെ മാറ്റിവയ്ക്കുകയും സൗകര്യപ്രദവും സുലഭവുമായ ഭക്ഷ്യവിഭവങ്ങൾ ഉപയോഗിക്കാൻ പ്രേരിതരാക്കുകയും ചെയ്യുന്നു.ഇത്തരത്തിൽ ഉപയോഗിക്കുന്ന ഭക്ഷ്യവിഭവത്തിനൊരുദാഹരണമാണ് മൈദ. പോഷകാംശം കുറഞ്ഞതും ശരീരത്തിന് ഹാനികരമായ രാസഘടകങ്ങളടങ്ങിയതുമായ മൈദ വിഭവങ്ങൾ തയ്യാറാക്കാൻ എളുപ്പവും മാർക്കറ്റിൽ സുലഭവും ആയതുകൊണ്ടാകാം ഇതിന്റെ ഉപയോഗം വ്യാപകമാകുന്നതിന് കാരണമാകുന്നത്.

ദൈനം ദിനഭക്ഷണക്രമത്തിൽ ഫാസ്റ്റ് ഫുഡ്, ടിൻ ഫുഡ്, പാക്കറ്റ് ഭക്ഷ്യവസ്തുക്കൾ, ശീതള പാനീയങ്ങൾ എന്നിവ കൂടുതലായി ഉപയോഗിച്ചു വരുന്നവരാണ് ഏറെയും. ഇത്തരം വിഭവങ്ങളിൽ രുചി, നിറം, മണം എന്നിവയ്ക്ക് ചേർക്കുന്ന രാസവസ്തുക്കൾ നമ്മുടെ ശരീരത്തിന് ദോഷകരമാണ്. ഇത്തരം ഭക്ഷ്യവസ്തുക്കളുടെ ഉപയോഗത്തോടൊപ്പം വ്യായാമക്കുറവ് പലതരം ജീവിതശൈലീരോഗങ്ങൾക്കും ക്യാൻസർ പോലെയുള്ള മാരകരോഗങ്ങൾക്കും കാരണമാകുന്നു.

പാചകരീതിയിലുണ്ടായ പല മാറ്റങ്ങളും അനാരോഗ്യത്തിലേയ്ക്ക് നയിക്കുന്നതാണ്. കനലടുപ്പിൽ വച്ച് മൺപാത്രങ്ങളിൽ വേവിച്ചുകഴിച്ചിരുന്ന കാലം ഓർമ്മകളിൽ മാത്രമായി മാറിയിരിക്കുന്നു. ഇന്ന് എണ്ണ, നെയ്യ് എന്നിവ കൂടിയ അളവിൽ എടുത്ത് ഭക്ഷണം പാകം ചെയ്യാനാണ് നമ്മുക്കിഷ്ടം. എണ്ണയിൽ വറുത്തെടുക്കുന്ന ഭക്ഷ്യവിഭവങ്ങളോടുള്ള പ്രിയം ഏറി വരികയാണ്. ഇത് കൊളസ്ട്രോൾ വർധനയ്ക്കും പൊണ്ണത്തടിയുണ്ടാകുന്നതിനും കാരണമാക്കുന്നു. മാത്രമല്ല എണ്ണ പല തവണ ഉപയോഗിക്കുമ്പോൾ അതിലടിഞ്ഞു കൂടുന്ന രാസവസ്തുക്കൾ വിവിധ ക്യാൻസർ രോഗങ്ങൾക്ക് കാരണമാകുന്നു.

വ്യത്യസ്തങ്ങളായ ഭക്ഷ്യവിഭവങ്ങൾ, വ്യത്യസ്ത രാസക്കൂട്ടുകൾ ചേർത്ത് പുതിയ പാചകരീതികൾ പരീക്ഷിക്കുമ്പോൾ ഇവ ആരോഗ്യത്തിന് ഹാനികരമാക്കുന്നവയാണോ എന്നു കൂടി ചിന്തിക്കേണ്ടതാണ് .

ആഹാരം ആരോഗ്യം നിലനിർത്താനുള്ള താകണം, അനാരോഗ്യത്തിലേക്കുള്ള കുറുക്കുവഴിയാകരുത്......

ഹിബ,9A

## മ്യൂസിയം

കൂറ്റൻ ഷോകേസിലേക്ക് അയാൾ ഓരോന്നും അടുക്കിക്കൊണ്ടിരുന്നു.

നടു തേഞ്ഞ ഒരമ്മിക്കല്ല്,വാൽ പാതി മുറിഞ്ഞ ഒരു കിണ്ടി,വക്കുകളടർന്ന ഒരു ആട്ടുകല്ല്,നെഞ്ചകം കുഴിഞ്ഞ് കൂനിപ്പോയ ഒരു ഉരൽ...

അങ്ങനെ ഓരോന്നും.അപ്പോഴാണ് അയാളുടെ മുത്തശ്ശി പ്രാഞ്ചി പ്രാഞ്ചി വന്ന് അയാളുടെ കൈകളിൽ തൂങ്ങി ഷോകേസിലേക്ക് കയറിയത്.

## പ്രണയം

കാറ്റു വന്നു കരയോടു പറഞ്ഞു,
"കടലിന് ആകാശത്തോടാണിഷ്ടമെന്ന്...
കാണാമറയത്ത് വെച്ച് ആകാശം കടലിൽ ഇക്കിളിയുടെ
അലകൾ ഉണർത്താറുണ്ടെന്നും."

കര കരഞ്ഞു കയറിയിരുപ്പായി.

ഇടതു ചെവി പ്രണയിനിയ്ക്കായി മുറിച്ചു കൊടുത്തതിനാലാവണം
തൊട്ടടുത്ത് ലോറി വന്നു നിർത്തിയത് കര കേൾക്കാതെ പോയത്.

വിപിൻ ബോസ്
മലയാളം അദ്ധ്യാപകൻ






UMARANJINI 6B

# മരണമടഞ്ഞ  കവികൾ [കൃതികൾ]

- ഇടശ്ശേരി ഗോവിന്ദൻ നായർ
  പൂതപ്പാട്ട്
- ചെറുശ്ശേരി
  കൃഷ്ണഗാഥ
- അയ്യപ്പൻ പണിക്കർ
  അയ്യപ്പപണിക്കരുടെ കൃതികൾ
- ഒ.എൻ.വി കുറുപ്പ്
  ഭൂമിക്കൊരു ചരമഗീതം
- വള്ളത്തോൾ
  എന്റെ  ഗുരുനാഥൻ
- കുമാരനാശാൻ
  വീണപൂവ്
- കുഞ്ഞുണ്ണി മാഷ്
  കുഞ്ഞുണ്ണി കവിതകൾ
- ഒളപ്പമണ്ണ
  എന്റെ  വിദ്യാലയം
- കുഞ്ചൻ നമ്പ്യാർ
  കല്ല്യാണ സൗഗന്ധികം
- ഉള്ളൂർ എസ് പരമേശ്വരയ്യർ
  ഉമാ കേരളം

ദിൽഫ തസ്നീം-9A


## MY DEAR FRIEND

As I gaze into the crystal sky
Takes me back to my golden days
Colours of my days starts to blossom
Depth of my heart feel
The day of our first meeting
Your uttered words of care
Offered me flowers of garden
Day has sprouted for us again

A sweet love to begin
The mountain sides are snowing
The river forever flowing
In the life of my scenery
Your memories pour me greenery
Caring moments I see in your look
Seeing you everywhere in my nook
How alluring your smile
How beguiling your eyes
Oh! my friend ! I pray to you

2

123RF




*To be with me always*
*Hope this day will never end.*
*When dreams shatters*
*The world seems lonely.*
*I am neither dead nor alive*
*Oh! tell me what should I do.*
*Why does this happens..........*
*When there is no loved one*
*The world seems lonely.*

*When the heart cries,*
*Even the sky cries.*
*All the nights are in distress,*
*All the days are colourless.*
*The faces and hearts are of stones,*
*And every moment is without*
*happiness.*
*The world seems lonely*
*Seems lonely to me.*

**Sonu Alphonsa Jose**
ENGLISH TEACHER


# GOLDEN WORDS



*"ANYONE WHO HAS NEVER MADE A MISTAKE HAS NEVER TRIED ANYTHING NEW."*

*-ALBERT EINSTEIN*

---



*"EDUCATION IS THE MOST POWERFUL WEAPON WHICH YOU CAN USE TO CHANGE THE WORLD."*

*-NELSON MANDELA*

---



*"LEARNING GIVES CREATIVITY*
*CREATIVITY LEEDS TO THINKING*
*THINKING PROVIDES KNOWLEDGE*
*KNOWLEDGE MAKE YOU GREAT."*

*-A .P .J ABDUL KALAM*

---

*"IF YOU ARE WORKING ON SOMETHING THAT YOU REALLY CARE ABOUT ,YOU DON'T HAVE TO BE PUSHED, THE VISION PULLS YOU*



*-STEVE JOBS*

---

# ***RAIN***

Rain is blessing of god
Rain is splash of water
Rain gives us drinking water
Rain drops come with happiness
Rain drops touch all tree leaves

All drops give more water
Water makes more wonder
They will come by dancing
They will flow by gracing

When the rain comes
All will become happy
The frogs will dance
The birds will chirp

**by**

**GAYATHRI K.V 8A**

# GIVE RESPECT

# AND

# TAKE RESPECT

A lady worked at a meat distribution factory. One day, when she finished with her work schedule, she went into the meat cold room to inspect something, but in a moment of misfor - tune, the door closed and she was locked inside. There was no one to help her .Although she screamed and knocked the door with all her strength, her cries went unheard. Most of the workers had already gone, and outside the cold room it's impossible to hear .She was at the verge of death, the security guard of the factory eventually opened the door. She was miraculously saved from dying that day! Later she asked the security guard how he had come to open the door which wasn't his usual work routine .His explanation was 'I ve been working in this factory for 35 years, hundreds of workers came in and out every day but you are one of the few who greet me in the morning and say good bye to me every night when leaving after work many treat me as if I am invisible . Today,as you reported for work like all other days,you greeted me in your simple manner "Hello" But this evening after working hours,I had not heard you "Bye,see you tomorrow".Hence I decided to check around the factory. Each day I look forward to your 'hi' and 'bye' everyday because they reminded me that I am someone. By not hearing your farewell today,I knew something happened. That's why I was searching every where for you..."

"Be humble, love and respect those around you. Try to have an impact on People who cross your path everyday,You never Know what tomorrow bring"

SONU ALPHONSA JOSE

English Teacher

# TOP 10 MEGA CITIES

| | |
|---|---|
| 1.TOKYO-JAPAN | 34 MILLION PEOPLES |
| 2.SEOUL-SOUTH KOREA | 23 MILLION PEOPLES |
| 3.MEXICO CITY -MEXICO | 22.4 MILLION PEOPLES |
| 4.NEW YORK -USA | 21.9 MILLION PEOPLES |
| 5.MUMBAI -INDIA | 21.6 MILLION PEOPLES |
| 6.DELHI -INDIA | 21.5MILLION PEOPLES |
| 7.SOU PAOLO -BRAZIL | 18.3 MILLION PEOPLES |
| 8.LOS ANGELES -USA | 18 MILLION PEOPLES |
| 9.SHANGHAI -CHINA | 17.5 MILLION PEOPLES |
| 10.OSAKA -JAPAN | 16.7 MILLION PEOPLES |







JISHAM YOONAS 8A

# Our Parents

Parents are our first teacher
They give us love,
Important part of our life
They live only for us....

They aspirated for us
I am lucky to have my parents
Take very good care for us

They love us very much....
They spend more time for us
Teach us to be respectful and thankful
To our elders and others who help us
They'll make us always happy

They provide us with-
Good and healthy food,clothes....
Very very thanks to our parents
For the care and protection..

We can't forgot our parents
We can't live without mom and dad
So we must obey our parents
Surely they too love us.....

They always be with us
Finish our sorrows
And make us happy
They do everything for us

They are very special for our life
We must give them due respect
When they aged,we must protect them,
And we must always keep them happy.

MALEEHA SHABA
VIII A

# The moon and his mother

One Day The moon in the
Sky asked his mother,
"Mummy,Please stitch a gown for me.
I also want to dress beautifully".
But the mother replied "No my child,
I can't... Some times, you are
growing and sometimes you
are reducing. For only one day
you are seen as a full moon
and you will be disappeared for
another day. So better you have no dress.
You are always very beautiful".

SINAN MUHAMMED M P

# *CloudyDay*

I saw clouds
They look so puffy
Big and little and fluffy
Clouds block the shade
They bring the shade
Look really closely
See what pictures are made
I really don t mind a cloudy day
But look out
Rain could be on the way!!!

Muhammed Hashim
9E

# POETRY OF RAIN

Rain is like love
That comes down on lame
Rain is like river
Which meets at the oceans
Rain gives us joy
which touches our heart
rain gives us earth
in a whole new way

*-sushmitha*





# RAIN

I am the rain
Gently patting
The roof top

The drop
Sliding down
Your window

I glide
Past the glow
Of your lamp

Ajmal Shemeem
9E

# ***Nature is beautiful, conservation is our duty***



Nature is the blessing of our planet .Nature contains its own beauty,harmony and a lot of things . Nature is the prime source of life.

Nature conservations is very important because if there is no environment, no humans .
So nature is the green carpet for sustaining life on earth.

What is going on now ? All are abusing nature to satisfy their greed. In the present scenario large number of trees are cutting down in every minute. It poses a threat for our life itself.

We have to protect our living planet for future generations also. Our excessive needs are the reason for the lessening of harmony and peace in the world. Sustainability of ecosystem is prominent.

Plants and trees are protecting our environment.So we have to protect this green carpet. Not only for ourselves but also for next generations.

But unfortunately human activities are causing natural hazards and calamities. What is reason for this, human is the root cause.Nowadays we can see the nature's reaction to us. Nature sets its own revenge to us.



Nature is not only for humans, but also for the other creatures also. Now the rhythm of the environment is imbalanced because our activities.

Protect nature for us.Because if there is no trees and other resources, there is no people. Protect it for a better generation. Protect water bodies. Don't harm the water and trees. Use it efficiently and effectively. Protect our own green carpet mother earth for next generations.

------ Hiba Jasmin
9A

# GLIMPSES THROUGH SCHOOL ACTIVITIES.........



# YOUTHFESTIVAL













# तूफान

वह सबसे मयानक था।
वह सबसे डरावना था।
सबकी जीवन जमीन पर थी।
सब लोग तड़प रहे थे।
हम कुछ बी नहीं कर पाए।
वह एक तूफान था।
छोटी सी थूपहँ आया।
बडीसी बीड ले गया।
हम कुछ बी नहीं कर पाए।
सब लोग ज्रमीन के अंतर थे।
सब लोग की प्रतीक्षा बागवान था।
आस पास से एक ही शब्द था।
सब लोग तड़प रहे थे।
हम कुछ बी नहीं कर पाए।
क्या हुआ कैसे हुआ
हम नहीं जानते पर
वो एक तूफान था।
एक बड़ा और डरावना
तूफान था ॥

# वर्षा

झम -झम- झम -झम पानी बरसा
बहुत अच्छा देखने में।
झील- तालाब और झरना भरा
खुशी भरा इस धरती में
सभी जगह मै हरियाली से
फ़ैला रही क्यारियों मै
पौधे और खिल- खिलाती'
रंग बिरगी फूल सुगन्धे फैलाती
थोड़ा- थोड़ा पानी जल्दी
धोर-धोर बरसा पानी
नदियाँ -सागर पानी भरा
बहता पानी कुएँ भरकर
जनता की आखो मै आसू भरा
क्या करू, कहाँ जाऊँ ।
चारो और पानी से भरा है
लोगों ने छोडा वासस्थान
झोपड़ी और महल एक समान है
एक समान है अमीर- गरीब ।
सभी लोग सब- कुछ छोडकर
एक ही आवाज संस्था में
जाति- धर्म -वर्ण और भाषा
एक ही है "मनुष्य" वहाँ
राम और रहीम साथ-साथ मिलकर
स्वर्ग बनाया वहाॅ खुशी मनाया वहाँ।

पत्मावती के
Hindi Teacher

# इंसानियत

आज का दिन एक अच्छा दिन था।जो एक बच्चे के वजह से अच्छा हुआ।क्यों की में आज मेरे स्कूल के वरांता से चल रहा था। अचानक मेंने रामू नाम के एक बच्छे को देखा। वह मेरे स्कूल से बाग रहा था।में उसके मित से पूच्चा । उसने कहाँ कि वह हर दिन एसे चल जाता हैं। पीचा किया।वह दोडक्र पार्क के और चल पठा मे चुपकेसे पीचा किया ।

अचानक वो रूक गया और पीचे मुठकर देखा। वह ने मुजे नही दैखा और उसने उपनी बैग पकटकर किसी को ढूंठ रहा था ।मेने उसे डोकने गया पर मेने वहा एक अथिकम्बीर चीज देखा की वह लड़का अपने डीफिन कोलकर एक बूक्का आदमी को दे रहा था और वो कुछ भी खाया नहीं वो उसकी खाना था और मेने उसे वापस जाते देखकर उसके पास जाकर पूछा की "तुम क्या कर रहे हो? ।

उसने कहाँ "वह एक भुखा आदमी है ।उसे कोइ नहीं है और उसके पास पैसा भी नहीं है । तो मैं हर दिन अपने खाना उसे दे देता हूँ "वह सुनकर मुझे बहुत खुशी हुइ और उसे एक जप्पी दी और उसे मैंने अपने स्कूल पर लगाया उसे मैने उसके कक्षा पर जोड़ा आया और चार बजे को स्कूल के असेंबली पर उसे मैने स्टेज पर बुलाकर एक गिफ्ट दिया और उसके बारे में सबको बताया और उसे अच्छा खाना भी दिलवाया । उस रामु के वजह से मुझे और मेंरे दिन अच्छा खुज़ारा ।मैने एक इंसानियत बरा एक अच्छे और नन्हें बच्चे को देखा ।

सबको सब मथत करना चाहिए और दूसरे को अच्छे-अच्छे काम सिखाना चाहिए।

योशुआ धास

**9A**

## 2018 केरल बाढ़....

अगस्त **2018** में केरल में अत्यथिक वर्ष के कारन बाढ़ आ गई।केरल का सबसे बड़ा बाढ़ था।जिसमे **382** से अथिक लोक मर गए ।**2,80,679** लोकों का घरबाह गया। केरल में रेडालेर्ट था।जवान आकर अज़ारों लोगों को बचा दिया।राज्य का **35** बांधो को कॉल दी। **26** सालों में पहली बार बांध कॉल दिया कईं जिल्ला बाढ़ में फास गया।कई लोगों का घर में पानी आ गया।वह के लोक स्कूल में रहने चले गए।ट्राफिक जाम बहुत बड़ गया ।

वहां कई रेल सेवाऐं बंध कर ध्या गया । बाढ़ ने हमें प्रकृति की भयानक रूप धीका दिया। हमें प्रकृती को बचाना चाहिये नाकी बर्बाद कर ने।

Najathulla
9E

# அண்ணன் தங்கையின் பாசம்

*தன்னுடன் பிறக்கவில்லை என்றாலும்*
*"ஒரு பெண்ணை தங்கையாக நினைத்து"*
*அவளை அரவணைக்கும் "ஆண்களும்"*
*அவளையே தனது "அண்ணாக" நினைத்து..!!*
*அவன்மீது அன்பினை காட்டுகிற பெண்களும்..!!*
*இருக்கும் வரையில்*
*"அண்ணன் தங்கை" எனும் உறவு*
*என்றென்றும் புனிதம் ஆகும்...*

*for*
*all*
*brothers*
*and*
*sisters*



*SOUNDHARYA.S.M*
*10G*

## என் தாய்

சிரிப்பிலே கரைக்கிறாய்
சிந்தையிலே வியக்கிறாய்
அன்பு ,அக்கறை, அரவணைப்பாள்
அகிலத்தை ஆள்கிறாய்
பாசம்,நேசம்,தியாகத்தால்
பண்புடையவனாய் மாற்றுகிறாள்

அடுத்த ஜென்மத்தில் என் பிறவி
ஒரு செருப்பாக அமைய வேண்டுகிறேன்
காரணம்.....................
என்னை சுமந்த அவளை
நான் சுமப்பதற்காக.
அழுகையிலே ஆயிரம் முத்தங்களாகவும்
சிரிக்கயிலே ஆயிரம் சத்தங்களாகவும்
இருப்பாள் என் தாய்..................

உலகில் தேடி தேடி அலைந்தாலும்
கிடைக்காத சிம்மாசனத்தை
தந்தவள் என் அன்னை.............

முருகலட்சுமி.ச
9H (TAMIL)



# மலை

பரந்து விரிந்து நிமிர்ந்து உயர்ந்தநம
வரையே விண்ணோடு
பிறந்து தவழ்ந்து வளர்ந்த இருண்ட
முகிலின் அன்போடு
அடர்ந்து செறிந்து வளர்ந்த மரங்கள்
நிறைந்த உடலோடு நீ
நடந்து அறியா திருந்த வாறே
ராஜிய மாள்வாயோ?

விடங்கள் நிறைந்த அரவும் கொல்லும்
விலங்கும் உன்மீது
இடங்கள் அடைந்து தழைத்து வாழ்ந்து
இனங்கள் விரிவாக்க
தடங்க லின்றி இடங் கொடுத்தாய்
தகுமோ கபடாகத் தன்
கொடுங்குணங்களை நகைத்து மறைக்கும்
நரனின் மேல் என்றோ?

## सुभाषितानि

क्षमा-नरस्याभरणं रूप रूपस्याभरणं गुणं।
गुणस्याभरणं ज्ञानं ज्ञानस्याभरणं क्षमा॥

മനുഷ്യന് അലങ്കാരം രൂപവും, രൂപത്തിന് ആഭരണം ഗുണവും,

ഗുണത്തിന് ആഭരണം ജ്ഞാനവും,

ജ്ഞാനത്തിന് ആഭരണം ക്ഷമയും ആകുന്നു.

परोपकाराय फलन्ति वृक्षा
परोपकाराय वहन्ति नघः॥
परोपकाराय दुहन्ति गांवः
परोपकाराय सताँ विभूतयः॥

മറ്റുള്ളവർക്ക് വേണ്ടി വൃക്ഷങ്ങൾകായ്ക്കുന്നു, മറ്റുള്ളവർക്ക് വേണ്ടിനദികൾ ഒഴുകുന്നു, മറ്റുള്ളവർക്കു വേണ്ടി പശുക്കൾ പാൽ തരുന്നു.ഇതുപോലെ സജ്ജനങ്ങൾ സ്വന്തം ഐശ്വര്യം മറ്റുള്ളവർക്കായി നൽകുന്നു.

## संस्कृतध्येयवाक्यानि

सत्यमेव जयते-------भारत सरकारः।
योगक्षेमं वहाम्यहम्-----भारतीय जीवनबीमा निगं
बहजनसुखाय बहुजनहिताय------आकाशवाणि।
संत्यं शिवं सुन्दरम्----------दूरदर्शनम् ।
यतो धर्मस्ततो जयः------भारत सर्वोच्चयन्यायालयः

Xth students




# نظم

مَاَ كَاَنَ لَوْنا مَا يُمَيِّزنا
فَا لنَاسُ قد خُلِقَتْ مِنَ الِطّيِي
والْمَالُ لَمْ يَرْ فَعْ مكانتنا ا
اِنْ لَمْ يَكُنْ فِى خِدْمَةِ الدِّينِ

اَنْسَابُنَالَيْسَتْ مُحَرَّةً
لِنَبَ تِنْ مِنْ بَعْدِ تَكَفِينِ
اِنَّ اِلْتَق مِيزَ اَنْ رفعتي
اَلَتعَلَّمَ يَعْطِى اِلا بدَاعِ
الاَ يدَاعُ يَقُودُ الَى التَعْكيا
المَعْرِفَةُ تَجْعَلُكَ رائِعْ
لاَالَوْ نُ فِى كُلِّ اَلْمَو ارِينَ

**Saleena P P**
**Arabic Teacher**



التعلم يعطي الايداع"
الايداع يقود ال لتلفكير
التفكير يوفر المعرفة
"المعرفة تجعلك رائعا




# نَظْم

لأ   تَحْزَنْ عَلى  الصبْيانِ  اِنْ  ضَرَبُ
فَلضَرْبُ يَبَرأُ وَيَبْئقَى الْعلْمْ  ولاَدَبُ
ُلضَّربُ ءيَنُّ ءمُحُمْ وَاِلْمَ يَرْفَئُّحُمْ لَوْلاَ   الْمَتَ فَهٍُ
ماَقَرَو    وَ  مَاكَتَبُو لولا اَمْاَلِمْ
كَاَنَ  النَّاسُكُلَّحُمْ سَّبَحُالبَحلاَ  اِلْمَلَنَ.
وَلاَ   اَدَبَ

സെലീന.പി പി
Arabic Teacher

## مَاءُ النَّهرَ

مَاءُ النَّهرِ أَسْرَعَ يَجْرِى حِينَ دَعاهُ صَوْتُ الْبَحْرِ
ثُمَّ انْطَلَقَ يَرْوِي الْبَشَرَ يَسْعِي السَّحْلَ وَالْمُنْحَصِرَة
زَبْكَ خُلُوٌ يَعلُو مُوْجًا يَرْقُصُ فَرحًا يَنْحَثُ بَهجَة
قَالَ الْبَحْرِ تعال حَيا إِنِّي اشْتَقْتَ إِلَيْكَ بُنَيَّ
أَنَاأُضْحُو فِي صَبَاحِي قبلَ عصْفُور وطَيْرِ
وأَصَلى عرض رَبَى شَاكِرًا أَعظمَ شُكْرِ
أَمَامُ الْبَحروَقَنَا صِبِيَّ يجمَعُ والصَرَف
وَحِينَ الْمَوْجُ بَلَلَهُ أَحَسَ الْبَرْدَ وارتجف

Muhammed Nuvaisir
8B



# کاغذ کی کشتی

یہ دولت بھی لے لو یہ شہرت بھی لے لو
بھلے چھن لو مجھ سے میری جوانی
مگر مجھ کو لوٹا دو بچپن کا ساون
وہ کا غذ کی کشتی وہ بارشی کا پانی

محلے کے سب سے نشانی پرانی
وہ بڑھیا جسے پیچے کہتھے نانی
وہ نانی کی باتون مین پریون کا ڈھیرا
وہ چیرکی جھریون مین صدیون کا پھیرا
بھلانی نہیں بھول سکتاہے کوئی
وہ چھوٹی سی راتین وہ لمبی کہا نی

کھڑی دھوپ مین اپے گھرسے نکلنا
وہچڑیا وہ بلبل وہ شلی پکڑنا
وہ گڑیاکی شادی مین لڑنا جھکڑنا
وہ جھولون سے گرنا وہ گر کے سنبھانا
وہ پیلیکے چھلون کے پیارے سےنخفے
وہ ٹرٹی ہوئی چوڑیون کی نشانی

کبھی ریت کے او نیچے ٹیلون پہ جانا
گھرونیی بنانا بنائے مٹانا
وہ معصوم چاہت کی تصّیویر اپنی
وہ خوایون کھلونون کی جاکیر کا بندھن
بڑی نہدنیا کا غم تھا نہ رشتون کا بندھن
بڑی خوبصورت تھی وہ زنگانی

سدھرسن فاخری

# *LITTLE KITES*



MATRUHAKTEKARANAM



KITES NEWS



LK SELECTION



AWARENESS PROGRAMME



DIGITAL POOKKALAM








EXPERT CLASS







IT Training for special kids

SRADHA





MAKING OF SOLAR SPECS



# Life @GHSS Meppadi





VIJAYABHERI





PRASADHAM

FIRST-AID TRAINING



SPC CAMP



ANTI DRUG PLEDGE




JRC



MOTIVATIONAL CLASS



ONAM CELEBRATION



HAZARD HUNT

# കാർഷിക ക്ലബ്






# വിജ്ഞാനത്തോടൊപ്പം



# വിനോദം










# നമ്മുടെ അഭിമാനനക്ഷത്രങ്ങൾ




Murugalakshmi
State Kalolsavam
Tamil Speech-
A Grade



Saundharya
State Kalolsavam
Poemwriting(Tamil)
B Grade



Nishmal K
Wushu Championship
State Level-Silver Medal

# പ്രതിഭയെത്തേടി..........













# വരയും കുറിയും.....




























Athulya








Nimisha Augustine






എഴുത്ത്
കുഞ്ഞു മനസ്സുകളിൽ
കോറിയിട്ട
വാക്കുകളുടേയും
വർണ്ണങ്ങളുടേയും
ഇഴചേരലാണ്.
പരിമിതികളേറെയുണ്ട്.
എങ്കിലും നന്ദി......
എഴുത്ത്
നിങ്ങൾക്ക് മുൻപിൽ
സമർപ്പിക്കാനുള്ള
പ്രയത്നത്തിൽ
ഒപ്പം നിന്നവർക്ക്
നന്ദി....നന്ദി.....